# സ്വർഗം

അബ്ദുല്ലാഹ് ബിൻ മുഹമ്മദ് അസ്സുലൈമാൻ

ഭാഷാന്തരം:
ഹമീദ് പുളിക്കാവ്

അബ്ദുല്ലാഹി ബിൻ മുഹമ്മദ് അസ്സദ്ഹാൻ

# സുരക്ഷ

മൊഴിമാറ്റം

ഹനീഫ് പുല്ലിപ്പറമ്പ്

ح محمد حنيف عبدالرحمن، ١٤٢٢هـ

*فهرسة مكتبة الملك فهد الوطنية أثناء النشر*

السدحان، عبدالله بن محمد

الحصن الواقي/ ترجمة محمد حنيف عبدالرحمن .- الرياض .

... ص ؛ .. سم

ردمك : ٨- ١١٥ - ٤١ - ٩٩٦٠

١- الادعية والأوراد    أ- عبدالرحمن، محمد حنيف(مترجم )

ب - العنوان

ديوي ٢١٢,٣    ٢٢/٥١٤٣

رقم الإيداع : ٢٢/٥١٤٣

ردمك : ٨- ١١٥ -٤١ - ٩٩٦٠

بسم الله الرحمن الرحيم

| | |
|---|---|
| Language | Malayalam(Indian) |
| Title | Suraksha |
| Translation of<br>Al Hisnul Waaqee | Abdullah Bin Mohammed<br>Assad'han |
| Retold By | Haneef Pullipparamb |
| Printing | Adwa'ul Bayaan Press, Riyadh |
| Cover Design | Musthafa Kizhepatt, Pakara |
| First Edition | 2002 |
| Copies | 5000 |
| Printed for | Free Distribution |
| Right Reserved | Translator |
| Address | Haneef Pullipparamb<br>Chelambra - 673 634 |

---

E-mail: abufurqaan@hotmail.com

# വിഷയാനുക്രമം


ഉപോദ്ഘാതം.......7
ശൈഖ് ജിബ്രീൻെറ ആമുഖം.......22
രചനാകാരൻെറ മുഖവുര.......24
സൂറത്തുൽ ഫാതിഹ ഓതൽ.......27
ആയത്തുൽ കുർസിയ്യ് ഓതൽ.......32
സൂറത്തുൽ ബഖറയുടെ അവസാനഭാഗം ചൊല്ലൽ.......39
'അൽ ഇഖ്ലാസും' 'അൽ മുഅവ്വദതൈനി'യും ചൊല്ലൽ.......43
ലാ ഹൗല വലാ ഖുവ്വത്ത ഇല്ലാ ബില്ലാഹ് എന്ന് ധാരാള
മായി പറയൽ.......48
ബിസ്മില്ലാഹി ലാ യദുർറു....... ചൊല്ലൽ.......50
അഊദു ബി കലിമാതില്ലാഹി .......എന്ന് ചൊല്ലൽ.......53
ഹസ്ബിയല്ലാഹു .......എന്ന് ചൊല്ലൽ.......55
ബിസ്മില്ലാഹി തവക്കൽതു .......എന്ന് ചൊല്ലൽ.......56
ലാ ഇലാഹ ഇല്ലല്ലാഹ് വഹ്ദഹു .......എന്ന് ചൊല്ലൽ.......58
അഊദു ബില്ലാഹിൽ അളീം .......എന്ന് ചൊല്ലൽ.......62
അസ്തഗ്ഫിറുല്ലാഹില്ലദീ .......എന്ന് ചൊല്ലൽ.......63
നബി(സ)യുടെ മേൽ സ്വലാത്ത് അധികരിപ്പിക്കൽ.......64
സംഘടിത ഫജ്റ് നമസ്കാരം.......68
അസ്തൗദിഉകുമുല്ലാഹു .......എന്ന് ചൊല്ലൽ.......69
സംക്ഷിപ്തം.......72

## ഹനീഫ് പുല്ലിപ്പറമ്പിന്റെ രചനകൾ

1. കല, സൗന്ദര്യം, സംഗീതം, ഇസ്ലാം,
2. ഖുർആനിലെ ചെടികൾ
3. സുന്നത്തും ഉമ്മത്തും
4. റമദാനിന്റെ തീരങ്ങളിൽ
5. രണ്ടു സാക്ഷ്യങ്ങൾ (തർജ്ജമ)
6. സുരക്ഷ ( " )
7. ഖബർ സന്ദർശനവും സഹായാർഥനയും ( " )
8. നബിദിനാഘോഷം ( " )
9. അനാചാരാദനം ( " )

## പണിപ്പുരയിൽ

1. സത്യം പരിഹസിക്കപ്പെടുന്നു (തർജ്ജമ)

# ഉപോദ്ഘാതം

الحمد لله رب العالمين والصلاة والسلام على محمد وعلى آله وصحبه أجمعين

മന്ത്രം! ഒട്ടേറെ തെറ്റിദ്ധരിക്കപ്പെട്ട വിഷയം. കണ്ണടച്ചാക്ഷേപിച്ചവരും അംഗീകരിച്ചവരും ഉണ്ടായിട്ടുണ്ട്. മന്ത്രത്തിലെ അനുവദനീയതയും വിരോധങ്ങളും അങ്ങിനെ തിരിച്ചറിയാതെ പോയി. ലോകത്ത്, മുസ്ലിംകൾ വസിക്കുന്ന നാടുകളിലൊക്കെ അനുവദിക്കപ്പെട്ടതോ വിരോധിക്കപ്പെട്ടതോ ആയ മന്ത്രങ്ങൾ നിലവിലുണ്ട്; തൗഹീദിൻെറ നാട്ടിൽ പോലും. ഒരിക്കൽ, വിശുദ്ധ മദീനയുടെ പ്രാന്തപ്രദേശത്തുള്ള ഒരുകൂട്ടം മുസ്ലിംകൾ തേൾ വിഷത്തിന്നും മറ്റുമെതിരെ അവിടെ നിലവിലുള്ള മന്ത്രചികിത്സയെ സംബന്ധിച്ച വിധിയന്വേഷിച്ച് ശൈഖ് ഇബ്നുബാസിന്നെഴുതി. "ആകാശങ്ങൾ മുഴുക്കെയുള്ള അല്ലാഹുവിൻെറ പാരായണങ്ങളെ, അയക്കപ്പെട്ട ദൃഷ്ടാന്തങ്ങളെ, ഓ...... സുലൈമാനുർരിഫാഈ...., പാമ്പുവിഷത്തെ ഒതുക്കുന്നവനെ, രിഫാഇയുടെ നാമത്തിൽ പാമ്പിനെ വിളിയ്ക്കൂ... അത് ആണാവട്ടെ, പെണ്ണാവട്ടെ, നീളമുള്ളതോ കുറിയതോ ആവട്ടെ, മഞ്ഞയോ കറുപ്പോ ചുകപ്പോ വെളുപ്പോ

ചെറുതോ വലുതോ ആവട്ടെ..... രാവുപകലിലെ എല്ലാ കുഴപ്പങ്ങളിൽ നിന്നും ഞാനല്ലാഹുവിനെക്കൊണ്ടും അല്ലാഹുവിൻെറ ദൃഷ്ടാന്തങ്ങൾ കൊണ്ടും തൊണ്ണൂറ്റൊമ്പത് നബിമാരെക്കൊണ്ടും നബിയുടെ മകൾ ഫാത്വിമയെക്കൊണ്ടും അവരുടെ സന്താനപരമ്പരകളിലൂടെ വന്നവരെക്കൊണ്ടും സഹായം തേടുന്നു......"!! ഇതായിരുന്നു ആ മന്ത്രം! ഈ വിളിച്ചുതേടുന്ന വരികളിലെവിടെയെങ്കിലും ശിർക്ക് ഒഴിഞ്ഞുനിൽക്കുന്നുണ്ടോ! സർവ്വ ആരാധനകളും അല്ലാഹുവിലേക്ക് മാത്രം അവകാശപ്പെട്ടതാണെന്നറിവുള്ള ആരെയും ഇതൽഭുതപ്പെടുത്തും. പ്രാർഥനകളും സഹായാർത്ഥനകളുമൊക്കെ അവനിലേക്കു മാത്രമായിരിക്കൽ നിർബന്ധമാണല്ലോ...... إياك نعبد وإياك نستعين [നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുന്നു; നിന്നോട് മാത്രം ഞങ്ങൾ സഹായം തേടുകയും ചെയ്യുന്നു]. അല്ലാഹു പറയുന്നു: وإن المسٰجد لله فلا تدعوا مع الله احدًا [തീർച്ചയായും പള്ളികൾ അല്ലാഹുവിന്നുള്ളതാണ്. അതിനാൽ അല്ലാഹുവിന്നൊപ്പം മറ്റാരെയും വിളിച്ചു നിങ്ങൾ പ്രാർത്ഥിക്കരുത് ]. പ്രവാചകൻ(സ) പറഞ്ഞു: الدعاء هو العبادة [പ്രാർഥന തന്നെയാണ് ആരാധന]. ശൈഖ് ഇബ്നുബാസ് വളരെ വിശദമായി അവർക്ക് മറുപടി നൽകി. അല്ലാഹു അദ്ദേഹത്തിന് **പരലോക സൗഖ്യം നൽകട്ടെ.**

പള്ളികൾ അല്ലാഹുവിന്നുള്ളതാണ്. പള്ളി എന്നാലെന്താണ്? പ്രത്യേകം കെട്ടിയുണ്ടാക്കിയ സ്ഥാപനം മാത്രമാണോ? ഭൂമി മുഴുവനും പള്ളിയാക്കി റസൂലിന്ന് അല്ലാഹു നിശ്ചയിച്ചു കൊടുത്തിട്ടുണ്ടല്ലോ...... അതിനാൽ ഭൂമിയിലെവിടെ വെച്ചും അല്ലാഹുവോടൊപ്പം മറ്റാരെയും വിളിച്ചു പ്രാർത്ഥിക്കരുത് എന്നാണ് മുകളിൽ പറഞ്ഞ ഖുർആൻ വാക്യം കൊണ്ടുദ്ദേശിക്കേണ്ടത്. മന്ത്രത്തിലെയും മന്ത്രമല്ലാത്തതിലെയും പ്രാർഥനകളൊക്കെ അല്ലാഹുവിലേക്ക് മാത്രം. ആകാശം, നക്ഷത്രങ്ങൾ, പ്രതിമകൾ, പർവ്വതങ്ങൾ, നദികൾ പോലുള്ള അചേതന വസ്തുക്കളോടോ മരിച്ചുപോയ വിശുദ്ധൻമാരോടോ അവർ പ്രവാചകൻമാരോ വലിയ്യുകളോ ആരാവട്ടെ അവരോടൊന്നും പ്രാർത്ഥിക്കാവതല്ല. അഭയാർപ്പണവും ഇടതേട്ടവുമൊക്കെ അപ്രകാരം തന്നെ. പ്രവാചകൻ (സ) ഒരിക്കൽ പറഞ്ഞു: "മന്ത്രവും തിവലയും തമീമ:യും ശിർക്കാണെ"ന്ന്. ഇമാം അഹ്മദും ഇബ്നുമാജയും അബൂദാവൂദുമൊക്കെ ഈ ഹദീസ് ശുദ്ധമായ പരമ്പരയിലൂടെ ഉദ്ധരിച്ചിട്ടുണ്ട്. മുകളിൽ പറഞ്ഞ രൂപത്തിലുള്ള പ്രാർഥനകൾ കൊണ്ടും അർത്ഥമറിയാത്ത പദങ്ങൾ കൊണ്ടും ജിന്നുകളുടെയോ അറിയപ്പെടാത്തവരുടെയോ പേരുകൾ കൊണ്ടും മറ്റും മന്ത്രിക്കുന്നതാണ് ശിർക്ക്പരമായ മന്ത്രമാവുന്നത്. തിവലയാകട്ടെ മാരണവിദ്യകളും പിശാചിന്റെ കർമ്മങ്ങളിൽ

പെട്ടതുമാണ്. അതിനാൽ തന്നെ അത് ഏതവസ്ഥയിലും അവിശ്വാസവുമാണ്.

കുട്ടികളുടെയോ രോഗികളുടെയോ മറ്റോ ശരീരത്തിൽ കെട്ടുന്നതും കടലാസിലോ ലോഹതകിടുകളിലോ എഴുതിയുണ്ടാക്കുന്നതും നബി(സ) കൊണ്ടുവന്ന ശരീഅത്തിൽ അറിയപ്പെടാത്ത വാക്കുകളോ പ്രവാചകചര്യയിൽ കാണാനാവാത്ത വരകളോ ഖുർആനികപദങ്ങളെ പുള്ളികളും വരകളും നീക്കം ചെയ്ത് വികൃതമായി എഴുതിയുണ്ടാക്കിയതോ ആണ് തമീമ: ومن تعلق تميمة فقد اشرك [ആര് തമീമ: (ഹൈക്കല്ല്) കെട്ടിയോ അപ്പോഴവൻ ശിർക്ക് ചെയ്തു] വെന്ന് റസൂൽ(സ) പറഞ്ഞതായി ഇമാം അഹ്മദ് ഉദ്ധരിച്ചിട്ടുണ്ട്.

എന്നാൽ മന്ത്രത്തെ അടച്ചാക്ഷേപിക്കുകയല്ല പ്രവാചകൻ (സ) ചെയ്തത്. അവിടുന്ന് പറഞ്ഞു: لا بأس بالرقي مالم تكن شرك [ശിർക്കല്ലാത്ത മന്ത്രമാണെങ്കിൽ വിരോധമില്ല - മുസ്ലിം, അബീദാവൂദ്]. ജിബ്രീൽ (അ) റസൂൽ (സ)യ്ക്ക് മന്ത്രിച്ചുകൊടുത്ത കാര്യവും ഹദീസുകളിൽ ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. بسم الله ارقيك، من كل شيئ يؤذيك ومن شر كل نفس عين حاسد الله يشفيك – بسم الله ارقيك [അല്ലാഹുവിൻെറ നാമത്തിൽ ഞാൻ താങ്കളെ മന്ത്രിക്കുന്നു. താങ്കളെ ബാധിച്ച എല്ലാകാര്യത്തിൽ നിന്നും, അസൂ

യ പൂണ്ട കണ്ണുകളുള്ള ഏതൊരാളുടെ തിൻമയിൽ നിന്നും അല്ലാഹു താങ്കൾക്ക് ശാന്തി തരട്ടേയെന്ന് അല്ലാഹുവിൻെറ നാമത്തിൽ ഞാൻ മന്ത്രിക്കുന്നു - മുസ്ലിം, ഇബ്നുമാജ]. ഇത് ജിബ്രീൽ(അ) മൂന്ന് തവണ ആവർത്തിച്ചു.

അനുവദനീയ രൂപത്തിൽ മന്ത്രിച്ചുകൊടുത്തതിന്ന് പ്രതിഫലം വാങ്ങുന്നതിന്നും വിരോധമില്ല. ഈ പുസ്തകത്തിലെ "ഫാതിഹ ഓതൽ" എന്ന അദ്ധ്യായത്തിൽ അക്കാര്യം സമർഥിച്ചിട്ടുണ്ട്. ബുഖാരിയിലും മുസ്ലിമിലും ഇത് സംബന്ധിച്ച ഹദീസ് ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്.

വെള്ളത്തിലോ എണ്ണയിലോ മറ്റോ മന്ത്രിച്ചൂതി അത് രോഗിക്കോ ഭ്രാന്തന്നോ മാരണം പിടിപെട്ടവന്നോ ഉപയോഗപ്പെടുത്താമോ എന്നും സംശയിക്കുന്നവരുണ്ട്. ആഹാരപാനീയങ്ങൾ ഊതിക്കഴിക്കുന്നതിനെ നിരുത്സാഹപ്പെടുത്തിയ പ്രവാചക വചനങ്ങൾ മനസ്സിൽ വരുന്നത് കൊണ്ടാണങ്ങിനെ. പ്രവാചകർ(സ)ൽനിന്ന് പൊതുവായി വന്ന ചില വിധികളുടെ ചൈതന്യം നിലനിർത്തിക്കൊണ്ടുതന്നെ ചില പ്രത്യേക വിധികൾ അവയ്ക്ക് വിപരീതമായും വന്നിട്ടുണ്ട് എന്ന് നാമറിയേണ്ടതുണ്ട്. ഉദാഹരണമായി നിന്ന് വെള്ളം കുടിക്കുന്നത് നിരുത്സാഹപ്പെടുത്തിയ പ്രവാചകൻ(സ), സംസം വെള്ളം നിന്നു കുടിക്കു

ന്നതിലാണ് മാതൃക കാണിച്ചത്. ഇവിടെ പൊതുവായ വിധി നിന്ന് വെള്ളം കുടിക്കാതിരിക്കാനാണ്. അതാണ് നബിചര്യ. എന്നാൽ സംസം വെള്ളം നിന്നു കുടിക്കുന്ന തിലാണ് നബിചര്യ. മറ്റൊരുദാഹരണം നോക്കൂ...... ഭൂമി മുഴുവൻ നമസ്കാര സ്ഥലമാക്കി (പള്ളിയാക്കി) എന്നഭാ ഗം നേരത്തെ പരാമർശിച്ചത് ഇവിടെ ഓർക്കുക. ഭൂമി മുഴുവൻ നമസ്കരിക്കാനുള്ള സ്ഥലം എന്നത് പൊതു വായ വിധിയാണ്. എന്നാൽ ഖബർസ്ഥാനുകളിലും മല മൂത്രവിസർജ്ജനം ചെയ്യുന്ന സ്ഥലങ്ങളിലും ഒട്ടകക്കള ങ്ങളിലും നമസ്കരിക്കാനുപയോഗിക്കുന്നത് വിലക്കുക യും ചെയ്തു.

അബൂദാവൂദ് ശുദ്ധമായ പരമ്പരയിലൂടെ ഉദ്ധരിച്ച ഒ രു ഹദീസിൽ സാബിത് ബിൻ ഖൈസ് ബിൻ ശിമാസ്(റ) എന്ന സ്വഹാബിക്കുവേണ്ടി വെള്ളത്തിൽ മന്ത്രിച്ച് അത ദ്ദേഹത്തിൻെറ മേൽ ഒഴിക്കുകയുണ്ടായി എന്ന് കാ ണാം. എന്നാൽ രോഗിയുടെ ശരീരത്തിൽ മന്ത്രിച്ചൂതി കൊടുക്കലാണ് ഇതിൽ ഏറ്റവും പുണ്യകരം. മൂന്ന് തവണ ആവർത്തിക്കലും ഉത്തമമാണ്. ജിബ്രീൽ (അ) മ ന്ത്രിച്ച കാര്യം നേരത്തേ സൂചിപ്പിച്ചല്ലോ......

അനുവദനീയമായ മന്ത്രമായാൽ പോലും ഇതിന് ചില നിബന്ധനകൾ പണ്ഡിതൻമാർ വെച്ചിട്ടുണ്ട്.

1. ശുദ്ധമായ അറബിഭാഷയിലായിരിക്കണം. 2. ഖുർആനിലോ സ്ഥിരപ്പെട്ടു വന്ന ഹദീസുകളിലോ നിന്ന് തിരഞ്ഞെടുത്തതായിരിക്കണം. 3. താനെന്താണ് മന്ത്രിക്കുന്നതെന്ന് മന്ത്രിക്കപ്പെടുന്നവന്ന് കേൾക്കാൻ കഴിയുന്ന രൂപത്തിലും എന്നാൽ പതുക്കെയുമായിരിക്കണം. 4. മന്ത്രിക്കുന്നവന്നും മന്ത്രിക്കപ്പെടുന്നവന്നും മന്ത്രം ഫലപ്പെടുമെന്ന വിശ്വാസവുമുണ്ടായിരിക്കണം.

തിൻമയെ പ്രതിരോധിക്കാൻ തിൻമ ഉപയോഗപ്പെടുത്തുന്നത് മതം വിരോധിക്കുന്നു. ഒരാളെ പിടികൂടിയ മാരണം നീക്കം ചെയ്യാനായാൽപോലും മാരണം ചെയ്തുകൂടാ. നുഷ്റഃ (نشرة)യെക്കുറിച്ച് പ്രവാചകൻ(സ)യോട് ചോദിച്ചപ്പോൾ هي من عمل الشيطان [അത് പൈശാചിക കർമ്മങ്ങളിൽപെട്ടതാണ് ] എന്നാണവിടുന്ന് മറുപടി നൽകിയത്. നുഷ്റഃയെന്നത് മാരണം പിടിപെട്ടവനെ മാരണംകൊണ്ട് ചികിത്സിക്കുന്ന രീതിയാണ്. മാരണമാവട്ടെ പിശാചിന്നുള്ള സേവനമാണ്. അങ്ങയെയാവുമ്പോൾ അത് പിശാചിന്നുള്ള ആരാധനയായി. ഒരിക്കലും അതിനോട് സഹകരിച്ചുകൂടാ......

ഖുർആൻ കൊണ്ടോ അനുവദനീയമായ മരുന്നുകൾ കൊണ്ടോ നല്ലയിനം മന്ത്രങ്ങളെക്കൊണ്ടോ ഉള്ള ചികിത്സകളാണെങ്കിൽ വിരോധമില്ല. ഖുർആനെ സംബന്ധിച്ച്

അല്ലാഹു തന്നെ പറഞ്ഞത് നോക്കൂ...... هو للذين آمنوا هدى وشفاء [അത് - ഖുർആൻ - വിശ്വസിച്ചവർക്ക് മാർഗ്ഗദർശനവും - രോഗ - ശമനവുമാണ്- ഫുസ്സ്വിലത്ത്:44]. അല്ലാഹു പറയുന്നു: وننزل من القرآن ما هو شفاء ورحمة للمؤمنين [സത്യവിശ്വാസികൾക്ക് കാരുണ്യവും- രോഗ - ശാന്തിയുമുള്ളതിനെ ഖുർആനിലൂടെ നാം അവതരിപ്പിക്കുന്നു- ഇസ്റാഅ് : 82].

ഇനി, മന്ത്രമോ ഖുർആൻ പാരായണമോ ഇസ്ലാമിക ദൃഷ്ട്യാ നിഷിദ്ധമല്ലാത്ത മരുന്നുകളോ ഉപയോഗപ്പെടുത്തി എന്നു തന്നെ കരുതുക. അതുകൊണ്ട് മാത്രം രോഗശമനം വന്നു കൊള്ളണമെന്നില്ല. അല്ലാഹുവിൻെറ തീരുമാനവും അതിനോട് യോജിച്ചുവരണം. അവൻെറ അന്തിമവിധിക്കുള്ള (മരണത്തിന്നുള്ള) രോഗമാണത് എങ്കിൽ പിന്നെ ഫലമുണ്ടാവില്ലല്ലോ...... അല്ലാഹു പറയുന്നു: ولن يؤخر الله نفسا إذا جاء اجلها [ഒരാളെയും അതിൻെറ അവധിയെത്തിയാൽ അല്ലാഹു പിന്തിക്കുകയില്ല തന്നെ - മുനാഫിഖൂൻ :11]. ഇനിയതല്ല, അല്ലാഹുവിൻെറ കോപത്തിന്നോ വെറുപ്പിന്നോ പാത്രമായവനോ അതോ പരീക്ഷണത്തിന്ന് വിധേയനായ വിശ്വാസിയോ ആണെങ്കിൽ അല്ലാഹു ഇറക്കിയ ഈ രോഗബാധയോ മാരണബാധയോ അല്ലാഹു നിശ്ചയിച്ച അതിർത്തിയോളം മന്ത്രവും മരുന്നും ഫലിക്കാതെ കിടന്നെന്നു വരും.

അല്ലെങ്കിൽ രോഗത്തിൻെറ യഥാർത്ഥ ഔഷധം ഏതിലാണോ അല്ലാഹു നിക്ഷേപിച്ചത്, അത് കണ്ടെത്താനൊരാൾക്ക് കഴിയാതെ പോയതുകൊണ്ടുമാവാം. എന്തുകൊണ്ടെന്നാൽ രോഗവും ശമനൗഷധവും അല്ലാഹു ഒന്നിച്ചാണ് ഈ ഭൂമിയിലേക്കിറക്കിയിരിക്കുന്നത്. പ്രവാചകൻ (സ) പറഞ്ഞു: "എല്ലാ രോഗത്തിന്നും മരുന്നുണ്ട്. രോഗത്തിന്നു യോജിച്ച മരുന്നായാൽ അല്ലാഹുവിൻെറ അനുമതിയോടെ ഫലം ഉണ്ടാവും". മറ്റൊരിക്കൽ അവിടുന്ന് പറഞ്ഞു: ما انزل الله داء الا انزل له شفاء علمه من علمه وجهله من جهله [മരുന്നിറക്കാതെ ഒരു രോഗവും അല്ലാഹു ഇറക്കിയിട്ടില്ല. (അതേപ്പറ്റി) അറിഞ്ഞവനറിഞ്ഞു, അറിയാത്തവനറിഞ്ഞില്ല"]. അതിനാൽ രോഗം, ഒരാളുടെ മരണത്തിന്നു കാരണമായി അല്ലാഹു ഇറക്കിയതല്ലെങ്കിൽ, അവൻെറ രോഗത്തിന്നു ഭൂമുഖത്ത് മരുന്നുണ്ട്. അതേപ്പറ്റി അറിഞ്ഞവൻ ആ രോഗത്തിൻെറ യഥാർത്ഥ ചികിത്സയറിഞ്ഞു. അറിയാത്തവനോ ആ രോഗത്തിൻെറ യഥാർത്ഥ മരുന്നറിയാത്തവനുമായി.

ബഹുദൈവാരാധനാപരമായ പരാമർശങ്ങളൊന്നുമില്ലെങ്കിൽ മന്ത്രം ശരീഅത്തിൽ സ്ഥിരപ്പെട്ടതും അനുവദനീയവുമായ ഒരു ചികിത്സാരീതിയാണ്. ഇതിന്ന് ഏറ്റവും ഉപയുക്തമായത് ഖുർആനിലെ ഏറ്റവും മഹത്തായ അദ്ധ്യായമായ ഫാതിഹ: കൊണ്ടാണ്. അത് ആവർത്തിച്ച്

പാരായണം ചെയ്ത് മന്ത്രിക്കാം. ചെറിയ അദ്ധ്യായങ്ങളായ സൂറത്തുൽ ഇഖ്ലാസും മുഅവ്വദതൈനിയും അപ്രകാരം തന്നെ. ഖുർആനിൽ നിന്നോ ഹദീസിൽനിന്നോ മറ്റൊന്നും ഹൃദിസ്ഥമാക്കാത്തവർക്ക് ഉദ്ധൃത അദ്ധ്യായങ്ങൾ വേണ്ടത്ര! എന്നാൽ പാരായണം ചെയ്യുന്നവൻ സത്യവിശ്വാസിയായിരിക്കുക, എല്ലാം അല്ലാഹുവിൻെറ വിധിക്ക് വിധേയമാണെന്ന അറിവുള്ളവനാവുക, അല്ലാഹു എന്തൊന്നുദ്ദേശിച്ചുവോ ആ കാര്യത്തോട് 'ഭവിക്കട്ടെ' എന്നു പറയുക മാത്രമേ വേണ്ടൂ; അപ്പോഴതങ്ങിനെ ആയിത്തീരുന്നു എന്ന ബോധമുള്ള ആളാവുക ഇതൊക്കെ ഫലസിദ്ധിക്ക് വേഗം കൂട്ടും. പ്രതീക്ഷയുടെ ഒരൽപ സാദ്ധ്യത പോലുമില്ലാത്ത വാർദ്ധക്യത്തിൽ സകരിയ്യാ നബി (അ) ന് പുത്രനെ കൊടുത്ത രക്ഷിതാവാണവൻ. ആത്മാർത്ഥതയും ഭക്തിയും ഈമാനും നിറഞ്ഞ ഒരു മനസ്സിൽ നിന്നുയരുന്ന മന്ത്രം ഫലപ്പെടും. ഇൻശാ അല്ലാഹ്. മന്ത്രിക്കപ്പെടുന്നവനും അപ്രകാരം തന്നെയായിരിക്കണം.

ഈമാനും സത്യസന്ധതയും ഇഖ്ലാസുമുള്ള, അന്ത്യനാളിനെപ്പറ്റി വിശ്വാസമുള്ള, ഖുർആനിൻെറ മഹത്വവും അത് അല്ലാഹുവിൻെറ വാക്കുകളാണെന്നും പരിശുദ്ധനായ അല്ലാഹുവിൻെറ കൈകളിലാണ് ശമനമെന്നും ബോധമുള്ള സത്യവിശ്വാസികളാണെങ്കിൽ അതേറെ പുണ്യം ചെയ്യുന്നതാണ്. പ്രാർത്ഥനക്കുത്തരം കിട്ടാനും ഖുർആ

ൻെറ പവിത്രത ഫലം കാണാനും അങ്ങിനെ രോഗം അയാളിൽ നിന്ന് നീങ്ങിപ്പോവാനും അത് കാരണമായി ത്തീരും.

മന്ത്രിക്കുന്നത് നല്ലതുകൊണ്ടാണോ എന്ന് നോക്കി ക്കൊണ്ടു മാത്രം മന്ത്രത്തെ നന്നാക്കി വിലയിരുത്താനാ വില്ല. ഖുർആൻ കൊണ്ടു മന്ത്രിച്ചാൽ പോലും തഥൈവ. അവിശ്വാസികളും കപടവിശ്വാസികളും നമസ്കാരമുപേ ക്ഷിക്കുന്നവരുമൊക്കെ അങ്ങിനെ ചെയ്യാറുണ്ട് എന്നതു കൊണ്ടാണത്. അത്തരം മന്ത്രങ്ങളും പാരായണവുമൊ ക്കെ അവരവരുടെ പിശാചുക്കൾക്ക് സുഖം പകരുന്ന വ്യർത്ഥമായ വ്യായാമങ്ങൾ മാത്രമായേ ഫലിക്കൂ...... ഈ വിഭാഗക്കാരെ പിശാചുക്കൾ നന്നായി സഹായി ക്കും. ജോത്സ്യൻമാർക്കും ഗണികൻമാർക്കും ജ്യോതിഷ ക്കാർക്കും ഭൂത പ്രേത ബാധ നീക്കുന്നവരെന്നു പറയു ന്ന ആളുകൾക്കുമൊക്കെ ഈ സഹായം കിട്ടും. അല്ലാ ഹു അല്ലാത്തവരെ ആരാധിക്കാനും അല്ലാഹു അല്ലാത്തവ ർക്ക് ബലി നടത്താനും ജിന്നുകളെ സേവിക്കാനും അവ രോടഭയമർത്ഥിക്കാനും അവർക്ക് വേണ്ടി നേർച്ച വഴി പാടുകൾ നിർവ്വഹിക്കാനും പ്രേരണ നൽകും. തത്വ ത്തിൽ മനുഷ്യർ അത്തരക്കാരെ ആരാധിക്കുന്ന ഒരു വിതാനത്തിലേക്ക് അവരുടെ കർമ്മങ്ങളെ കൊണ്ടെത്തി ക്കും. മനുഷ്യരെ സംബന്ധിച്ച് സാധാരണ നിലയിൽ

അസാധ്യമായ രഹസ്യകാര്യങ്ങൾ അവരുടെ ഈ മനുഷ്യരായ സുഹൃത്തുക്കൾക്ക് പിശാചുക്കൾ വിവരമറിയിച്ചുകൊടുക്കുകയും ചെയ്യും. ഈ ആളുകളിൽ നിന്ന് സത്യവിശ്വാസികൾ വിദൂരത പുലർത്തേണ്ടതാണ്. അടിയുറച്ച വിശ്വാസികളും നല്ല പാരായണക്കാരുമായ ആളുകളെക്കൊണ്ടായിരിക്കണം രോഗിയുടെ മേൽ മന്ത്രിപ്പിക്കേണ്ടത്.

മരുന്നിലൂടെയോ ശുദ്ധമായ മന്ത്രങ്ങളിലൂടെയോ രോഗശമനം തേടാതെ എല്ലാം അല്ലാഹുവിലേക്ക് നീക്കിവെക്കുന്ന ചിലരുണ്ട്. ഇത് പ്രവാചക കൽപനയോടുള്ള വ്യക്തമായ ധിക്കാരമാണ്. അവിടുന്ന് കൽപ്പിച്ചു: عباد الله تداوَوْا ولا تداوو بحـرام [അല്ലാഹുവിൻെറ അടിമകളെ നിങ്ങൾ രോഗത്തെ ചികിത്സിക്കൂ... നിഷിദ്ധമായതുകൊണ്ട് രോഗചികിത്സ നടത്തരുത് ]. അനുവദിക്കപ്പെട്ടവ കൊണ്ട് രോഗചികിത്സ നടത്താൻ റസൂൽ (സ) കൽപ്പിക്കുകയാണിവിടെ. രക്തം, മദ്യം, മാരണം, ശിർക്ക് പരമായ കാര്യങ്ങൾ...... എന്നിങ്ങനെയുള്ള നിഷിദ്ധകാര്യങ്ങൾ കൊണ്ട് ചികിത്സ നടത്തരുതെന്നാണ് ഇതിൻെറ മറുവശം.

അനുവദനീയ മന്ത്രങ്ങൾ കയ്യിൽ ഊതിയോ, ശരീരത്തിലെവിടെയും ഊതിയോ വെള്ളത്തിലൂടെ അതുപയോ

ഗിച്ചോ നിർവ്വഹിക്കാവുന്നതാണ്. നബി(സ)ക്ക് രോഗം പിടിപെടുമ്പോൾ സൂറത്തുൽ ഇഖ്ലാസും മുഅവ്വദതൈനി സൂറ:കളും കൈകളിൽ ഊതി അതുകൊണ്ട് ശരീരത്തിലെത്താവുന്നിടത്തൊക്കെ തടവുമായിരുന്നു. ഉറങ്ങാൻ കിടക്കുന്ന നേരത്താണ് ഇങ്ങനെ ചെയ്യാറുണ്ടായിരുന്നത്. തലയിൽ നിന്ന് തുടങ്ങി മുഖത്തിലൂടെ, നെഞ്ചിലൂടെ തുടർന്ന് മറ്റുഭാഗങ്ങളിലേക്ക് അങ്ങിനെയായിരുന്നു അത് നിർവ്വഹിച്ചിരുന്നത് എന്ന് ആയിശ(റ)യിൽ നിന്ന് റിപ്പോർട്ട് ചെയ്യുന്നു.

കണ്ണേറ് ബാധിച്ചവനെ മന്ത്രിച്ച് ചികിത്സിക്കാനും ശരീഅത്തനുവദിക്കുന്നുണ്ട്. മന്ത്രിക്കേണ്ടത് ഭക്തരായ ആളുകളായിരിക്കണമെന്ന് മാത്രം. സ്ത്രീകളെ പുരുഷൻമാരോ, പുരുഷൻമാരെ സ്ത്രീകളോ മന്ത്രിക്കേണ്ട അനിവാര്യഘട്ടം വരുമ്പോൾ പ്രസ്തുത സ്ത്രീകളുടെ ഏറ്റവും അടുത്ത ബന്ധുക്കൾ ഒപ്പമുണ്ടായിരിക്കാൻ ശ്രദ്ധിക്കണം. മന്ത്രിക്കാനെന്ന പേരിലായാലും മറ്റെന്തിൻെറ പേരിലായാലും അന്യ സ്ത്രീ പുരുഷൻമാരെ തനിച്ചാക്കാവതല്ല.

തന്നിൽ നിന്നാണ് മറ്റൊരാൾക്ക് കണ്ണേറ് പറ്റിയതെന്ന് ഒരാളറിഞ്ഞാൽ അയാൾ തൻെറ മുഖവും രണ്ട് കൈപ്പത്തികളും ഒരു പാത്രത്തിലേക്ക് കഴുകി ആ വെള്ളം ഉപയോഗിച്ച് കണ്ണേറു പറ്റിവയനെ കുളിപ്പിക്കലാണ്

ഇതിന്നുള്ള ഒരു ചികിത്സ. കണ്ണേറു പറ്റിയവൻ, കണ്ണേറു പറ്റാൻ കാരണമായവനോട് ഇങ്ങിനെ ആവശ്യപ്പെട്ടാൽ അവൻെറ മുഖവും കൈപ്പത്തികളും കഴുകിയ വെള്ളം നൽകാൻ അയാൾക്ക് ബാധ്യതയുണ്ടെന്ന് റസൂൽ (സ) യുടെ മൊഴികളിൽ നിന്ന് നമുക്ക് മനസ്സിലാക്കാനാവും. അവിടുന്ന് പറഞ്ഞു: وإذا استغسلتم فاغسلوا [നിങ്ങളോട് കഴുകാനാവാശ്യപ്പെട്ടാൽ നിങ്ങൾ കഴുകുക- മുസ്ലിം, തിർമിദി, ഇബ്നുമാജ, അഹ്മദ് ] എന്ന്. ഇന്ന ആളിൽ നിന്നാണ് തനിക്ക് കണ്ണേറു പറ്റിയതെന്ന് സംശയിച്ചാൽ അയാൾക്ക് പ്രസ്തുത വ്യക്തിയോട് "താങ്കളുടെ മുഖവും കൈകളും കഴുകൂ" എന്നാവശ്യപ്പെടാവുന്നതും അത് ആ വ്യക്തി അനുസരിക്കേണ്ടതുമാണെന്നാണ് ഇവിടെ പ്രവാചകൻ (സ) കൽപ്പിക്കുന്നത്.

അല്ലാഹു അനുഗ്രഹിക്കുമാറാവട്ടെ. മന്ത്രത്തെയും അതിൻെറ അനുകൂലവും പ്രതികൂലവുമായ വശങ്ങളെയും തിരിച്ചറിഞ്ഞുകൊണ്ട് പ്രവർത്തിക്കാനായാൽ അത് പ്രവാചകർ (സ)യേയും അവിടുത്തെ അനുയായി വൃന്ദത്തെയും ആദരിക്കുന്നതിൻെറ ഭാഗമായിത്തീരും. ദിക്റുകൾ ആത്മാവിൻെറ ഭക്ഷണമാണ്. അവയെ നിത്യമാക്കി ആത്മാവിന്ന് സമ്പന്നതയും സംതൃപ്തിയും നൽകുവാൻ നമുക്ക് കഴിയുമാറാവട്ടെ. സംതൃപ്തി പൂണ്ട ആത്മാവുകൾക്കേ സ്വർഗ്ഗ പ്രവേശം സാധ്യമാവൂ. അ

ല്ലാഹു പറയുന്നു: يا أيتها النفس المطمئنة ارجعي الى ربك راضية مرضية فادخلي في عبادي وادخلي جنتي [അല്ലയോ **നിത്യ ശാന്തി** പൂണ്ട ആത്മാവെ, സംതൃപ്തമായിക്കൊണ്ട് നീ നിന്റെ നാഥനിലേക്ക് മടങ്ങുക. തുടർന്ന് എന്റെ അടിമകളിൽ പ്രവേശിക്കുക. എന്റെ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയും ചെയ്യുക ].

**ഈ പുസ്തകത്തിന്റെ തർജമയിലും പരിശോധനയിലും പകർത്തെഴുത്തിലും എന്നെ സഹായിച്ച ഏ.കെ. അലവിക്കുട്ടി മൗലവി (ഏ.ആർ.നഗർ)ക്കും ഉമ്മു ഫുർഖാനും കവർ ഡിസൈൻ ചെയ്തു തന്ന പകരയിലെ മുസ്തഫ കീഴേപാട്ടിനും സൃഷ്ടികളിൽ അല്ലാഹുവിന്റെ തൃപ്തിക്കു വേണ്ടി ജീവിച്ച സജ്ജനങ്ങളിലും അല്ലാഹു കാരുണ്യം ചൊരിയട്ടെ. ഈ എളിയശ്രമം അല്ലാഹുവിന്റെ അനുഗൃഹീത തൃപ്തിക്കും കാരുണ്യത്തിനുമായി സമർപ്പിച്ചു കൊണ്ട്-.**

و آخر دعوانا أن الحمد لله رب العالمين وصلى الله على نبينا محمد وعلى آله وصحبه اجمعين

ഹനീഫ് പുല്ലിപ്പറമ്പ്
പി.ബി: 2439,
റിയാദ് : 11451,
സൗദി അറേബ്യ.
e-mail : haneef@gulfnetksa.com

**റിയാദ്**
04.04.2000

# ശൈഖ് ജിബ്രീൻെറ ആമുഖം

ലോകനാഥന്ന് സർവ്വസ്തുതിയും. അവന്നാകുന്നു മഹത്വം. അവനാകുന്നു എൻെറ നാഥൻ. അവനല്ലാതെ ആരാധ്യനില്ല. അവനെ ഞാൻ ഭരമേൽപ്പിച്ചു. അവനിലേക്കാണെൻെറ മടക്കം. അല്ലാഹുവിൻെറ കരുണാകടാക്ഷങ്ങൾ അവൻെറ അടിമയും ദൂതനുമായ മുഹമ്മദ് നബി (സ)യിലും കുടുംബത്തിലും അനുചരരിലും സദാ വർഷിക്കുമാറാവട്ടെ.

അബ്ദുല്ലാഹ് മുഹമ്മദ് അബ്ദുർറഹ്മാൻ അസ്സദ്ഹാൻ എന്ന യുവാവ് ക്രോഡീകരിച്ച ദോഷനാശ സംരക്ഷണത്തെ സംബന്ധിച്ച ഈ ലഘുകൃതി ഞാൻ വായിച്ചു. വിശുദ്ധ ഖുർആനിൽ നിന്നും വ്യക്തമായ നബിചര്യയിൽ നിന്നുമുള്ള സൗകര്യപ്രദവും ലളിതവുമായ ദിക്റുകളാണിത്. സുപ്രസിദ്ധവും പരിശുദ്ധവുമായ ഹദീസുകളിലൂടെ ഇതിൻെറ പ്രയോജനവും അനുഭവങ്ങളും അദ്ദേഹം സ്ഥാപിക്കുകയും പലയാവർത്തി പരീക്ഷിച്ച് സ്വാനുഭവത്തിലൂടെ അതിൻെറ ഫലസാദ്ധ്യത അദ്ദേഹം ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. പ്രവാചകൻ (സ)യുടെ വാക്കുകളിലൂടെ, അവിടുത്തെ അനുചരൻമാരുടെയും പിൻഗാമികളുടെയും അനുഭവങ്ങളിലൂടെ ഇത് സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. അതിനാൽ അല്ലാഹുവിനെ അനുസരിക്കുന്ന, സ്വയം രക്ഷയും മുസ്ലിംകളുടെ രക്ഷയും ആഗ്രഹി

ക്കുന്ന എല്ലാ മുസ്‌ലിംകളോടും ഇത് പ്രാബല്യത്തിൽ വരുത്താൻ ഞാനഭ്യർത്ഥിക്കുന്നു. അപ്രകാരം ഇതുകൊണ്ട് സംരക്ഷിതരാവാനും ഇതിൻെറ പ്രബലതയിൽ ഉറപ്പുവരുത്തുവാനും എല്ലാ നാശങ്ങളിൽ നിന്നും അല്ലാഹുവിൻെറ സംരക്ഷണം തേടാനും എല്ലാ വെറുക്കപ്പെട്ട ജിന്നുകളിൽ നിന്നും മനുഷ്യനയനങ്ങളിൽ നിന്നും മന്ത്രവാദികളുടെയും അവരുടെ സഹായികളുടെയും പ്രവർത്തനങ്ങളിൽ നിന്നും സുരക്ഷിതത്വം നേടാനും എല്ലാ ഓരോരുത്തരോടും സംഘങ്ങളോടും ഞാനുപദേശിക്കുന്നു. എന്തുകൊണ്ടെന്നാൽ പ്രാർഥനകളും ദിക്റുകളും ഉപേക്ഷിക്കുകയും കളി, വിനോദം, സംഗീതം, ഛായാഗ്രഹണം പോലുള്ള കാര്യങ്ങളിൽ വ്യാപൃതരാവുകയും ചെയ്കയാൽ എല്ലാ ഓരോ മുസ്‌ലിം വ്യക്തിത്വങ്ങളിലും പിശാച് അധികാരസ്ഥനാവുകയും അങ്ങിനെ ദുരിതങ്ങൾ ഭീതിദമാവുകയും ബുദ്ധിമുട്ടുകൾ അധികരിക്കുകയും ചെയ്ത ഈ സന്ദർഭത്തിൽ വിശേഷിച്ചും.

അതിനാൽ പൈശാചിക ദ്രോഹങ്ങളിൽ നിന്നും സ്വശരീരങ്ങളുടെ നാശങ്ങളിൽനിന്നും അഭയം നേടുന്നതിന്ന് സംരക്ഷണവും സഹായവും ലഭിക്കണേയെന്ന് അല്ലാഹുവിനോട് തേടുന്നു. നബി (സ) യിലും കുടുംബങ്ങളിലും അനുചരരിലും അല്ലാഹുവിൻെറ കരുണാകടാക്ഷങ്ങളുണ്ടാവട്ടെ.

**അബ്ദുല്ലാഹ് ബിൻ അബ്ദുർറഹ്മാൻ അൽജിബ്രീൻ**

26 .1. 1418

# മുഖവുര

إن الحمد لله نحمده ونستعينه ونستهديه. ونعوذ بالله من شرور أنفسنا ومن سيئات اعمالنا ، من يهده الله فلا مضل له ، ومن يضلل فلا هادي له، والصلاة والسلام على نبينا محمد.

ദിക്റുകളെ സംബന്ധിച്ച് കൂടുതൽ ദൈർഘ്യമില്ലാത്തതും എന്നാൽ തീരെ സംക്ഷിപ്തമല്ലാത്തതുമായ ഒരു രചന നടത്താൻ എന്നോട് ചില സഹോദരങ്ങൾ ആവശ്യപ്പെടുകയുണ്ടായി. ചില പണ്ഡിതൻമാർ - അല്ലാഹു അവർക്ക് കാരുണ്യം ചൊരിയട്ടെ- ദിക്റുകളെ സംബന്ധിച്ച് അനാവശ്യമായി നീട്ടിവലിച്ചും ആവർത്തിച്ചും ആവശ്യക്കാരെ മടുപ്പിക്കുന്ന ഒട്ടേറെ ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്.

നബി(സ) യെ സംബന്ധിച്ച് ഇമാം ബുഖാരി (റ) റിപ്പോർട്ടു ചെയ്യുന്നു: إذا امرتكم بشيئ فأتوا منه ما استطعتم "ഞാൻ നിങ്ങളോട് വല്ലകാര്യവും കൽപ്പിച്ചാൽ സാധ്യമാവുന്ന വിധത്തിൽ നിങ്ങളത് നടപ്പിലാക്കുക". ശൈഖ് അൽ ഇമാം അബൂ അംറ് അസ്സലാഹ്നോട്, അല്ലാഹു

വിനെ ധാരാളമായി സ്മരിക്കുന്ന മുസ്‌ലിം സ്ത്രീ പുരുഷൻമാരിൽ ഒരാൾ ആയിത്തീരുന്നത് എപ്പോഴാണെന്ന് ചോദിക്കപ്പെട്ടു. അപ്പോഴദ്ദേഹം പറഞ്ഞു: "രാവിലെയും വൈകുന്നേരവും, രാവു പകലുകളിലെ വ്യത്യസ്തമായ സന്ദർഭങ്ങളിലും നിർണ്ണിതമായ സ്ഥിരപ്പെട്ട ദിക്റുകൾ പതിവാക്കിയാൽ അവൻ ദൈവസ്മരണ അധികമുള്ള സ്ത്രീ പുരുഷൻമാരിൽ പെട്ടവനായിത്തീരും". അബ്ദുല്ലാഹ് ബിൻ ബുസ്റ് (റ)ൽ നിന്ന് നിവേദനം: "ഒരാൾ പറഞ്ഞു: അല്ലാഹുവിൻെറ പ്രവാചകരെ, ഇസ്‌ലാമിക വിധിവിലക്കുകൾ എന്നിൽ ആധിക്യമുണ്ടാക്കുന്നു. അതിനാൽ സ്ഥിരമാക്കാനാവുന്ന ചിലത് എനിക്ക് പറഞ്ഞുതരിക. റസൂൽ(സ) പറഞ്ഞു: ദൈവസ്മരണ കൊണ്ട് നിൻെറ നാവിന് നീ നനവ് നൽകിക്കൊണ്ടിരിക്കുക". സ്ഥിരതയില്ലാത്ത അധികരിച്ച ദിക്റിനെക്കാൾ നല്ലത് പതിവാക്കിയ കുറഞ്ഞ ദിക്റുകളാണ്. നബി (സ) പറഞ്ഞു: خير الأعمال ادومها وإن قل "കുറച്ചായാലും പതിവായി ചെയ്യുന്ന പ്രവർത്തനങ്ങളാണ് പുണ്യകരം". ഈ കൊച്ചുകൃതിയിലും നിത്യമാക്കാവുന്ന ചിലദിക്റുകൾ വ്യക്തമായ ഹദീസുകളിലൂടെ, സഫലമായ പരീക്ഷണങ്ങളിലൂടെ, സംക്ഷിപ്തമായി ഞാൻ ക്രോഡീകരിച്ചിട്ടുണ്ട്. അല്ലാഹുവാണെ ...... വല്ലവനും ഇത് പ്രാബല്യ

ത്തിൽ വരുത്തുകയും പതിവാക്കുകയും ചെയ്താൽ സ്വന്തം നിലക്കും കുടുംബത്തിലും മക്കളിലും സമ്പത്തിലും പിശാചിൻെറ തന്ത്രങ്ങളിൽ നിന്നും കാലദോഷങ്ങളിൽ നിന്നും അവന്ന് സംരക്ഷണം ലഭിക്കും. അല്ലാഹു അവന്ന് മതിയാവും. അവനെ സംരക്ഷിക്കുകയും ചെയ്യും. അല്ലാഹു കാരുണ്യവാനാണ്. സംരക്ഷണം ഉദ്ദേശിച്ചവർക്ക് ഈ പുസ്തകത്തിലൂടെ ലക്ഷ്യം എളുപ്പമായിത്തീരാനും അല്ലാഹുവിൻെറ ഉതക്കവും സഹായവും ഞാൻ തേടുന്നു. നമ്മുടെ നബി (സ)യുടെ മേൽ അല്ലാഹുവിൻെറ കാരുണ്യം ഉണ്ടാവട്ടെ.

# സൂറത്തുൽ ഫാതിഹ ഓതൽ

بسم الله الرحمن الرحيم. الحمد لله رب العـالمين. الرحمـن الرحيم. مالك يوم الدين. إيـاك نعبـد وإيـاك نسـتعين. اهدنـا الصراط المستقيم. صراط الذيـن أنعمـت عليـهم غـير المغضـوب عليهم ولا الضالين

ബിസ്മില്ലാഹിർറഹ്മാനിർറഹീം. അൽഹംദുലില്ലാഹി റബ്ബിൽ ആലമീൻ. അർറഹ്മാനിർറഹീം. മാലികി യൗമിദ്ദീൻ. ഇയ്യാക നഅ്ബുദു വ ഇയ്യാക നസ്തഈൻ. ഇഹ്ദിനസ്സ്വിറാത്വൽ മുസ്തഖീം. സ്വിറാത്വൽലദീന അൻഅംത അലയ്ഹിം. ഗയ്റിൽ മഗ്ദൂബി അലയ്ഹിം വലദ്വാല്ലീൻ.

[പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ. സ്തുതി (മുഴുവൻ) ലോകരക്ഷിതാവായ അല്ലാഹുവിന്നാകുന്നു. പരമകാരുണികനും കരുണാനിധിയുമായവൻ. പ്രതിഫലദിവസത്തിൻെറ ഉടമസ്ഥൻ. നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുന്നു; നിന്നോട് മാത്രം ഞങ്ങൾ സഹായം തേടുകയും ചെയ്യു

ന്നു. ചൊവ്വായ പാതയിൽ നീ ഞങ്ങളെ വഴി ചേർക്കേണമേ.......... (അതായത്) യാതൊരു കൂട്ടരുടെ മേൽ നീ അനുഗ്രഹം ചെയ്തിരിക്കുന്നുവോ അവരുടെ പാതയിൽ, (അതേ) കോപവിധേയരല്ലാത്തവരും വഴിപിഴച്ചവരല്ലാത്തവരുമായ (വരുടെ പാതയിൽ)].

## ഫലപ്രദമായ പരീക്ഷണങ്ങൾ

### (a) വിഷദംശനം (വിഷ നിവാരണം):-

അബീ സഈദിൽ ഖുദ്രിയ്യ് (റ) ൽ നിന്ന് നിവേദനം: അദ്ദേഹം പറയുന്നു: റസൂലിൻെറ സഹാബത്തിൽ നിന്ന് ഒരു സംഘം യാത്രയിലായിരിക്കേ അറബ് ഗോത്രത്തിൽ പെട്ട ഒരു ഗോത്രത്തിൽ അവർ തങ്ങുകയും അവർക്ക് ആതിഥ്യം നൽകാനാവശ്യപ്പെടുകയും ചെയ്തു. പക്ഷേ അവർ ആവശ്യം തിരസ്കരിച്ചു. അങ്ങിനെയിരിക്കവെ അവരുടെ ഗോത്ര നേതാവിനെ തേള് കുത്തി. പല മാർഗ്ഗങ്ങളും ആരാഞ്ഞു. എല്ലാം വിഫലമായി. അങ്ങിനെ സഹാബികളിലൊരാൾ കുറച്ചാടുകൾ പ്രതിഫലത്തിൽ മന്ത്രിക്കാമെന്ന് സന്ധിയായി. അങ്ങിനെ അയാളുടെ അടുത്തുപോയി രോഗം ബാധിച്ചവനെ ഫാതിഹ ചൊല്ലി

മന്ത്രിച്ചു. അപ്പോഴയാൾ രോഗമുക്തി വന്നു ഉൻമേഷ വാനായി. ( ബുഖാരി, മുസ്‌ലിം)

**(b) ഭ്രാന്തിന് ചികിത്സ:-**

ഖാരിജ (റ) അദ്ദേഹത്തിൻെറ പിതൃവ്യനിൽ നിന്ന് നി വേദനം: അദ്ദേഹം പറയുന്നു: ഞങ്ങൾ നബി (സ) യുടെ അടുക്കൽ നിന്ന് പുറപ്പെട്ടു. അങ്ങിനെ ഞങ്ങൾ ഒരു അറബ് ഗോത്രത്തിൽ തങ്ങി. നിങ്ങളിൽ വല്ല വൈദ്യനു മുണ്ടോ എന്നവരാരാഞ്ഞു. എന്തെന്നാൽ ചങ്ങലയിൽ ബന്ധിക്കപ്പെട്ട ഒരു ഭ്രാന്തൻ ഞങ്ങളിലുണ്ട്. അങ്ങിനെ അവർ (എന്നെയും കൂട്ടി) ചങ്ങലയിൽ ബന്ധിക്കപ്പെട്ട ആളുടെ അടുത്ത് വന്നു. രാവിലെയും വൈകുന്നേരവു മായി മൂന്നുദിവസം ഞാനയാൾക്ക് ഫാതിഹ ഓതി മന്ത്രിച്ചു. അങ്ങിനെ അയാൾ രോഗമുക്തനായി. അപ്പോ ഴവർ എനിക്ക് പ്രതിഫലം തന്നു. ഞാൻ വേണ്ടെന്ന് പറ ഞ്ഞപ്പോഴവർ പറഞ്ഞു: നീ നബിയോട് പോയി ചോദി ച്ചുനോക്കൂ.........( പ്രതിഫലം വാങ്ങാമോ ഇല്ലേ എന്ന്). അങ്ങിനെ ഞാൻ പോയി നബി (സ) യോട് ചോദിച്ചു. അപ്പോഴവിടുന്ന് പറഞ്ഞു: സ്വീകരിച്ചുകൊള്ളൂ. വ്യാജമായ മന്ത്രത്തിനാണ് പ്രതിഫലം സ്വീകരിക്കാൻ പാടില്ലാത്തത്. നീ പ്രതിഫലം പറ്റിയതോ യഥാർത്ഥ മന്ത്രത്തിനും.

(c) വാതരോഗ ചികിത്സ:-

ഇറാഖിലെ ചില പണ്ഡിതൻമാരിലൊരാളെപ്പറ്റി ഇബ്നു ഹജറുൽ ഹൈഥമി (റ) അഭിപ്രായപ്പെടുന്നു: അദ്ദേഹം പറഞ്ഞു: എൻെറ ചെറുപ്പത്തിൽ എൻെറ കൺ പോളയുടെ മുകളിൽ ഒരു കുരുവുണ്ടായിരുന്നു. അല്ലാഹുവിൻെറ വിധിപോലെ അത് വലുതായി. എൻെറ കൺ പോള എനിക്ക് ഭാരമായി. അപ്പോഴെന്നോടൊരാൾ പറഞ്ഞു: ബാഗ്ദാദിൽ കൺപോള കീറി പുറത്തെടുക്കുന്ന ഒരു ജൂതവൈദ്യനുണ്ട്. അദ്ദേഹം ജൂതനായതിനാൽ എനിക്കതിനോട് താൽപര്യം തോന്നിയില്ല. കുറച്ച് ദിവസങ്ങൾക്ക് ശേഷം ഞാനൊരു സ്വപ്നം കണ്ടു. ഒരാൾ വന്നെന്നോട് പറഞ്ഞു: വുദുവെടുക്കുമ്പോൾ അതിൻമേൽ ഫാതിഹ ഓതാൻ. അപ്രകാരം പല തവണ ഞാൻ ചെയ്തു. അങ്ങിനെയൊരിക്കൽ ഞാൻ മുഖവും കൺപോളകളും കഴുകവെ അതടർന്നു വീണു. അതിൻെറ അടയാളം ക്രമേണ മാഞ്ഞുപോവുകയും ചെയ്തു. ഇത് ഫാതിഹയുടെ പുണ്യം കൊണ്ടാണെന്ന് അങ്ങിനെ ഞാനറിഞ്ഞു. എൻെറ എല്ലാ രോഗങ്ങൾക്കുമുള്ള ശമനവും സംരക്ഷണവും ഞാനേറെയും അല്ലാഹുവിൻെറ അനുഗ്രഹത്താൽ അതാക്കി മാറ്റി. (ഇബ്നു ഹജറിൻെറ ذكر الآثار في الأذكار പേജ് : 27).

**(d) ഇബ്നു ഖയ്യിമിൻെറ കഥ - വേദനകൾക്കുള്ള ലേപനം:-**

ഇബ്നുൽ ഖയ്യിം (റ) പറയുന്നു: ഞാൻ മക്കയിൽ താമസിക്കുന്ന കാലം. എനിക്ക് രോഗം ബാധിച്ചു. ഡോക്ടറോ മരുന്നോ എനിക്ക് ലഭ്യമായില്ല. അങ്ങിനെ ഞാൻ ഫാതിഹ ഓതി സ്വയം ചികിത്സിച്ചു. എനിക്കപ്പോൾ അത്ഭുതകരമായ ഫലം കാണാനായി. രോഗസംബന്ധമായി വരുന്നവരോട് ഞാനിത് ഉണർത്തും. പലർക്കും അത് ഫലമുണ്ടാക്കി. (ഇബ്നുൽ ഖയ്യിമിൻെറ الجواب الكافي പേജ് : 8)

അബ്ദിൽ മലിക് ബിൻ ഉമൈർ (റ)ൽ നിന്ന്: റസൂൽ(സ) പറയുന്നു: في الفاتحة الكتاب شفاء من كل داء [ഫാതിഹയിൽ എല്ലാ രോഗങ്ങൾക്കുമുള്ള ശമനമുണ്ട് ]. ഇത് കൊണ്ട് അല്ലാഹുവിൻെറ അനുഗ്രഹത്താൽ ഞരമ്പ് രോഗങ്ങൾക്കും മാനസികരോഗങ്ങൾക്കും വളരെ ഫലം ലഭിച്ചതായി അനുഭവമുണ്ട്. പ്രത്യേകം ഒരു രോഗത്തിന്ന് എന്ന് പറയാതെ ഇതിന്ന് മന്ത്രം എന്ന് നബി (സ) പേരുവെച്ചത്[1] തന്നെ ഇതിനു തെളിവാണ്.

---

[1] ഫാതിഹ അദ്ധ്യായത്തിന് മന്ത്രത്തിൻെറ അദ്ധ്യായം എന്നും പേരുണ്ട്.

# 2 - ആയത്തുൽ കുർസിയ്യ് ഓതൽ

الله لا إله إلا هو الحي القيوم لا تأخذه سنة ولا نوم له ما في السموات وما في الأرض من ذا الذي يشفع عنده إلا بإذنه يعلم ما بين أيديهم وما خلفهم ولا يحيطون بشيء من علمه إلا بما شاء وسع كرسيه السموات والأرض ولا يئوده حفظهما وهو العلي العظيم.

അല്ലാഹു ലാ ഇലാഹ ഇല്ലാ ഹുവൽ ഹയ്യുൽ ഖയ്യൂം ലാ തഅ്ഖുദുഹു സിനതുൻ വലാ നൗമുൻലഹു മാ ഫി സ്സമാവാതി വമാ ഫിൽ അർദി മൻ ദൽലദീ യശ്ഫഉ ഇൻദഹു ഇല്ലാ ബിഇദ്നിഹി യഅ്ലമു മാ ബയ്ന അയ്ദീഹിം വമാ ഖൽഫഹും വലാ യുഹീത്വൂന ബി ശയ്ഇൻമ്മിൻ ഇൽമിഹി ഇല്ലാ ബിമാ ശാഅ വസിഅ കുർസിയ്യുഹു സ്സമാവാതി വൽ അർദ വലാ യഊദു ഹു ഹിഫ്ദുഹുമാ വഹുവൽ അലിയ്യുൽ അളീം.

[അല്ലാഹു , അവനല്ലാതെ ഒരു ആരാധ്യനുമില്ല. (അവൻ) നിത്യജീവന്നുടയവൻ; സർവ്വനിയന്താവായുള്ള

വൻ. മയക്കമൊകട്ടെ, ഉറക്കമൊകട്ടെ, അവനെ പിടിപെടുകയില്ല. അവൻേറതാണ് ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതും (എല്ലാം). ആരുണ്ട്, അവൻെറ അനുവാദപ്രകാരമല്ലാതെ അവൻെറ അടുക്കൽ ശുപാർശ ചെയ്യുന്നവൻ?! (ആരുമില്ല)]. അവരുടെ മുമ്പിലുള്ളതും അവരുടെ പിമ്പിലുള്ളതും അവൻ അറിയുന്നു. അവൻെറ അറിവിൽ നിന്നും അവൻ ഉദ്ദേശിച്ചതിനെക്കുറിച്ചല്ലാതെ യാതൊന്നിനെക്കുറിച്ചും അവർ സൂക്ഷ്മമായി അറിയുകയില്ല. അവൻെറ 'കുർസിയ്യ്' [രാജപീഠം] ആകാശങ്ങൾക്കും ഭൂമിക്കും വിശാലമായിരിക്കുന്നു. [അവ രണ്ടും ഉൾക്കൊള്ളുന്നതാണത് ]. അവ രണ്ടിൻെറയും സംരക്ഷണം അവനെ ഭാരപ്പെടുത്തുന്നുമില്ല. അവനത്രെ, ഉന്നതനും മഹത്തായുള്ളവനും].

ഉറങ്ങാൻ നേരവും എല്ലാ നമസ്കാരശേഷവും 'ആയത്തുൽ കുർസിയ്യ്' ചൊല്ലൽ.

## ഫലപ്രദമായ പരീക്ഷണങ്ങൾ

**(a) രാത്രിയിലെ കാവൽക്കാർ:-**

അബീഹുറൈറ (റ) യിൽ നിന്ന്. അദ്ദേഹം പറയുന്നു: സക്കാത്ത് മുതലുകൾ സൂക്ഷിക്കാനായി നബി (സ)

എന്നെ നിയോഗിച്ചു........ (എന്ന ദീർഘമായ ഹദീസിൻെറ അവസാനം). നീ വിരിപ്പിലേക്ക് കിടക്കാൻ പോകുമ്പോൾ ആയത്തുൽ കുർസിയ്യ് ഓതുക. അല്ലാഹുവിൽ നിന്നുള്ള സംരക്ഷണമായി നിനക്കൊപ്പം അതുണ്ടാവും. പിശാച് പ്രഭാതം വരെ നിന്നെ സമീപിക്കുകയുമില്ല. അപ്പോൾ റസൂൽ (സ) പറഞ്ഞു: അവൻ നിന്നോട് സത്യം പറഞ്ഞു. അവൻ കള്ളനാണ് അവൻ പിശാചാണ്[1]

---

[1] ഈ ഹദീസ് വിശദീകരണമർഹിക്കുന്നു. ഇമാം ബുഖാരിയും മറ്റും ഈ ഹദീസുദ്ധരിച്ചിട്ടുണ്ട്. അബീ ഹുറയ്റ(റ) ആ സംഭവം പറയുന്നു: റമദാനിലെ സക്കാത്ത് സൂക്ഷിക്കാനായി റസൂൽ (സ) എന്നെ ഏൽപി ച്ചു. അങ്ങിനെയിരിക്കെ ഒരാൾ വന്ന് ആഹാരത്തിൽ കയ്യിട്ട് വാരാൻ നോക്കി. ഞാനയാളെ പിടിച്ചു മാറ്റിക്കൊണ്ട് പറഞ്ഞു: ഞാൻ നിന്നെ അല്ലാഹുവിൻെറ ദൂതൻെറയടുത്തേക്ക് കൊണ്ടുപോവും. അയാൾ പറഞ്ഞു. എന്നെ വിടൂ ........ ഞാൻ പാവപ്പെട്ടവനാണ് കുടുംബം നോക്കുന്നവനാണ്. അതിനാൽ ഞാൻ വളരെ അത്യാവശ്യത്തിലാണ്. അങ്ങിനെ ഞാനയാളെ ഒഴിവാക്കി. നേരം പുലർന്നപ്പോൾ നബി (സ) എന്നോട് ചോദിച്ചു. അബീഹുറൈറ! താങ്കൾ ഇന്നലെ പിടികൂടിയ ആളെ എന്ത് ചെയ്തു? ഞാൻ പറഞ്ഞു. അല്ലാഹുവിൻെറ ദൂതരെ! കുടുംബവും പ്രാരാബ്ധവും ഒക്കെ കടുത്തതാണെന്ന് പറഞ്ഞപ്പോൾ എനിക്ക് അലിവു തോന്നി. ഞാനയാളെ അയാളുടെ പാട്ടിന് വിട്ടു. തിരുമേനി =

= (സ) പറഞ്ഞു: "അവൻ നിന്നോട് കള്ളം പറഞ്ഞതാണ്. അവ നിനിയും വരും". അയാൾ വീണ്ടും വരുമെന്ന് ഞാനങ്ങിനെ മനസ്സിലാക്കി. ഞാനയാളെ കാത്തിരുന്നു. അതാ അയാൾ വ ന്നു; ഭക്ഷണത്തിൽ കയ്യിട്ട് വാരി. ഞാനയാളെ പിടിച്ചുമാറ്റി. ഞാനയാളോട് പറഞ്ഞു. ഞാൻ നിങ്ങളെ റസൂൽ (സ) ന്റെ അടുത്തേക്ക് കൊണ്ടുപോവുന്നു. അയാൾ പറഞ്ഞു. എന്നെ വിട്ടേക്കൂ.. ഞാൻ പരമദരിദ്രനാണ്. കുടുംബം പോറ്റുന്നവനാ ണ്. ഞാനിനി വരില്ല. എനിക്കയാളോട് അലിവു തോന്നി. ഞാനയാളെ പറഞ്ഞയച്ചു. അങ്ങിനെ നേരം പുലർന്നപ്പോൾ നബി (സ) എന്നോട് ചോദിച്ചു: പിടികൂടിയ ആളെ താങ്കളെന്ത് ചെയ്തു? അപ്പോൾ ഞാൻ പറഞ്ഞു. അല്ലാഹുവിന്റെ ദൂതരെ! കുടുംബവും പ്രാരാബ്ധവുമൊക്കെ കടുത്തതാണെന്ന് പറഞ്ഞ പ്പോൾ എനിക്കയാളോട് അലിവ് തോന്നി. ഞാനയാളെ പറ ഞ്ഞുവിട്ടു. തിരുമേനി (സ) പറഞ്ഞു: എന്നാൽ നിന്നോട് അവൻ പറഞ്ഞത് കള്ളമാണ്. അവനിനിയും വരും. അങ്ങിനെ ഞാന യാളെ മൂന്നാമതും കാത്തിരുന്നു. അപ്പോഴയാൾ വന്നു, ഭക്ഷണ ത്തിൽ കയ്യിട്ടു വാരി. ഞാൻ നിങ്ങളെ റസൂൽ (സ)യുടെ അ ടുത്തേക്ക് കൊണ്ടുപോവുന്നു. ഇതവസാന വട്ടമാണ്. മൂന്നുത വണയും ഞാനിനി വരില്ലായെന്ന് നിങ്ങളെന്നോട് ജൽപ്പിച്ചു. എന്നിട്ട് നിങ്ങൾ വന്നു. അപ്പോഴയാൾ പറഞ്ഞു. നിങ്ങളെന്നെ വിടൂ. അല്ലാഹുവിൽ നിന്ന് നിങ്ങൾക്ക് പ്രയോജനം കിട്ടുന്ന വാക്യങ്ങൾ ഞാൻ പഠിപ്പിച്ചു തരാം. ഞാൻ ചോദിച്ചു: എന്താ ണത്? അയാൾ പറഞ്ഞു: നിങ്ങൾ കിടക്കാൻ പോവുമ്പോൾ =

# നമസ്കാരശേഷം ആയത്തുൽ കുർസിയ്യ് ഓതൽ

അബീ ഉമാമ (റ)ൽ നിന്ന്: നബി (സ) പറഞ്ഞു: എല്ലാ നമസ്കാരശേഷവും ആയത്തുൽ കുർസിയ്യ് ഓതിയവ നാരോ അവൻെറ മരണശേഷം അവൻ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതാണ്.

**(b) പിശാചിനെ അകറ്റൽ:-**

അബ്ദുല്ലാഹ് ബിൻ മസ്ഊദിൽ നിന്ന്: അദ്ദേഹം പറയുന്നു: നബി(സ)യുടെ അനുചരരിൽപെട്ട ഒരാൾ ജി

---

= ആയത്തുൽ കുർസിയ്യ് الله لا إلـه إلا هـو الحـي القيـوم എന്ന് തുടങ്ങുന്ന) വാക്യം അവസാനം വരെ ഓതുക. അങ്ങിനെയാ യാൽ അല്ലാഹുവിൻെറ സംരക്ഷണം നിങ്ങളിൽ നിന്ന് പ്രഭാതം വരെ നീങ്ങിപ്പോവുകയില്ല. പിശാച് നിങ്ങളെ സമീപിക്കുക യുമില്ല. ( ഈ സംഭവം തിരുമേനിയെ ഉണർത്തി). അപ്പോൾ റസൂൽ (സ) പറഞ്ഞു: എന്നാൽ അവൻ നിന്നോട് (ആ) പറഞ്ഞത് നേരു തന്നെ. അവൻ കള്ളം പറയുന്നവനുമാണ്. (ആള് കള്ളം പറയുന്നവനാണെങ്കിലും അവനാ പറഞ്ഞത് നേരു ത ന്നെയെന്ന് ആശയം. ഇതിലെ കക്ഷി ഇബ്ലീസായിരുന്നു. വേഷ പ്രച്ഛന്നനായി അബീ ഹുറൈറയുടെ അടുത്ത് വന്ന താണ്).

ന്നിൽ പെട്ട ഒരാളുമായി കണ്ടുമുട്ടി. അവർ ഗുസ്തി പിടിച്ചു. മനുഷ്യൻ അയാളെ മലർത്തിയടിച്ചു. അപ്പോൾ മനുഷ്യൻ പറഞ്ഞു: നിന്നെ മെലിഞ്ഞവനും ദുർബലനുമായി ഞാൻ കാണുന്നു. നിൻെറ രണ്ട് മുഴങ്കൈകളും നായയുടെ മുഴങ്കൈകളാണ്. അങ്ങിനെത്തന്നെയാണോ നിൻെറ ജിന്ന് സമൂഹം മുഴുവനും അതോ നീ മാത്രമോ? അവൻ പറഞ്ഞു: അല്ലാഹുവാണെ അങ്ങിനെയല്ല. ഞാനവരിലെ ഏറ്റവും ശക്തനാണ്. നീ രണ്ടാമതും എന്നോട് മുന്നിടാൻ വാ...... നീ എന്നെ അതിജയിച്ചാൽ നിനക്ക് ഫലപ്പെടുന്ന ഒന്നു ഞാൻ നിനക്കു പഠിപ്പിച്ചു തരാം. അപ്പോൾ അയാൾ പറഞ്ഞു: ആവട്ടെ. അങ്ങിനെ രണ്ടാമതും മനുഷ്യൻ തന്നെ വിജയിച്ചു. അപ്പോൾ ജിന്ന് പറഞ്ഞു: الله لا إله إلا هو الحي القيوم ചൊല്ലുക. ഒരു വീട്ടിൽ നീ അത് ചൊല്ലിയാൽ പിശാച് പുറത്തു പോവുന്നതാണ്. (അപ്പോൾ) കഴുത ശബ്ദമുണ്ടാക്കുന്നതു പോലെ അവൻ ശബ്ദമുണ്ടാക്കും. പിന്നെ പ്രഭാതം വരെ അവൻ അവിടെ പ്രവേശിക്കുകയില്ല." അവർ ചോദിച്ചു: അബ്ദുർറഹ്മാൻെറ പിതാവെ...... ആരായിരുന്നു ആ പുരുഷൻ? അദ്ദേഹം പറഞ്ഞു: ഖത്താബിൻെറ മകൻ ഉമറല്ലാതെ മറ്റാരാണെന്നാ നിങ്ങളുടെ അഭിപ്രായം? (ദാരിമി അദ്ദേഹത്തിൻെറ സുനനിൽ 2/447, 448)

ഇബ്നു അബീദുൻയാ മുസ്ലിം ബിൻ വലീദിൽ നിന്ന് നിവേദനം. "മരത്തിൽ നിന്ന്, ഒരാൾ ഒരനക്കം കേട്ടു. അപ്പോഴയാൾ (അനക്കം കേട്ടിടത്തേക്ക്) സംസാരിച്ചു. എന്നാൽ പ്രതികരണമൊന്നുമുണ്ടായില്ല. തുടർന്ന് അയാൾ آية الكرسي പാരായണം ചെയ്തു. അപ്പോൾ അയാളുടെയടുത്തേക്ക് (മരത്തിൽ നിന്ന്) പിശാച് ഇറങ്ങി വന്നു. അപ്പോഴയാൾ ചോദിച്ചു: ഞങ്ങളിൽ ഒരു രോഗിയുണ്ടായാൽ അയാളെ എന്തുകൊണ്ടാണ് ചികിത്സിക്കേണ്ടത്? പിശാച് പറഞ്ഞു: നീയെന്നെ മരത്തിൽ നിന്നിറക്കിയത് എന്തുകൊണ്ടാണോ അതുകൊണ്ട് തന്നെ (സുയൂഥിയുടെ لقط المرجان പേജ് : 150) ആ മനുഷ്യന്റെ വിഡ്ഢിത്തമൊന്ന് നോക്കൂ......! അവന്റെ പക്കൽ തന്നെ ചികിത്സയുണ്ടായിരിക്കെ അവൻ പിശാചിനോട് ചോദിക്കുകയും പിശാചിന്റെ പരിഹാസവും!! ജിന്നുകളോട് ചോദിക്കുന്ന വിഡ്ഢികളായ മന്ത്രക്കാരുടെ അവസ്ഥയും ഇതാണ്.

# 3- സൂറത്തുൽ ബഖറയുടെ അവസാന ഭാഗം ചൊല്ലൽ

آمن الرسول بما أنزل إليه من ربه والمؤمنون كل آمن بالله وملائكته وكتبه ورسله لا نفرق بين أحد من رسله وقالوا سمعنا وأطعنا غفرانك ربنا وإليك المصير. لا يكلف الله نفسا إلا وسعها لها ما كسبت وعليها ما اكتسبت ربنا لا تؤاخدنا إن نسينا أو أخطأنا ربنا ولا تحمل علينا إصرا كما حملته على الذين من قبلنا ربنا ولا تحملنا ما لا طاقة لنا به واعف عنا واغفر لنا وارحمنا أنت مولانا فانصرنا على القوم الكافرين.

ആമനർറസൂലു ബിമാ ഉൻസില ഇലയ്ഹി മിൻർറബ്ബിഹി വൽ മുഅ്മിനൂൻ. കുല്ലുൻ ആമന ബില്ലാഹി വ മലാഇകതിഹി വ കുതുബിഹി വ റുസുലിഹി ലാ നുഫർറിഖു ബയ്ന അഹദിൻ മ്മിൻർറുസുലിഹി വഖാലൂ സമിഅ്നാ വ അത്വഅ്നാ ഗുഫ്റാനക റബ്ബനാ വഇലയ്കൽ മസ്വീർ. ലാ യുകൽലിഫു ല്ലാഹു നഫ്സൻ

ഇല്ലാ വുസ്അഹാ ലഹാ മാ കസബത് വ അലയ്ഹാ മക്തസബത് റബ്ബനാ ലാ തുആഖിദ്നാ ഇൻന്ന സീനാ അൗ അഖ്ത്വഅ്നാ റബ്ബനാ വലാ തഹ്മിൽ അലയ്നാ ഇസ്വ്റൻ കമാ ഹമൽതഹു അലൽലദീന മിൻ ഖബ്ലിനാ റബ്ബനാ വലാ തുഹമ്മിൽനാ മാലാ ത്വാഖത ലനാ ബിഹി വഅ്ഫു അന്നാ വഗ്ഫിർലനാ വർഹമ്നാ അൻത മൗലാനാ ഫൻസ്വുർനാ അലൽഖൗമിൽ കാഫിരീൻ.

[റസൂലിന്നു അദ്ദേഹത്തിൻെറ റബ്ബിങ്കൽ നിന്നു അവതരിപ്പിക്കപ്പെട്ടതിൽ, അദ്ദേഹവും സത്യവിശ്വാസികളും വിശ്വസിച്ചിരിക്കുന്നു. എല്ലാവരും (തന്നെ) അല്ലാഹുവിലും, അവൻെറ മലക്കുകളിലും, അവൻെറ വേദഗ്രന്ഥങ്ങളിലും അവൻെറ റസൂലുകളിലും വിശ്വസിച്ചിരിക്കുന്നു. അവൻെറ റസൂലുകളിൽ ഒരാൾക്കിടയിലും ഞങ്ങൾ വ്യത്യാസം കാണിക്കുകയില്ല. (ഇതാണവരുടെ നില). അവർ പറയുകയും ചെയ്യുന്നു: "ഞങ്ങൾ കേൾക്കുകയും അനുസരിക്കുകയും ചെയ്തിരിക്കുന്നു; നിൻെറ പൊറുക്കൽ - (അതാണ് ഞങ്ങൾ തേടുന്നത്) - ഞങ്ങളുടെ റബ്ബേ നിൻെറ അടുക്കലേക്കത്രേ തിരിച്ചുവരവും." ഒരു ആത്മാവിനോടും (ഒരു വ്യക്തിയോടും) അതിനു നിവൃത്തിയുള്ളതല്ലാതെ അല്ലാഹു ശാസിക്കുകയില്ല. അതു (നൻമ) സമ്പാദിച്ചതു അതിനു തന്നെയായിരിക്കും;

അത് ( തിൻമ ) സമ്പാദിച്ചുകൂട്ടിയതും അതിൻെറ മേൽ തന്നെയായിരിക്കും. (പ്രാർത്ഥിക്കുക) ഞങ്ങളുടെ റബ്ബേ! ഞങ്ങൾ മറന്നുപോകുകയോ, ഞങ്ങൾ അബദ്ധം ചെയ്യു കയോ ചെയ്തുവെങ്കിൽ നീ ഞങ്ങളെ പിടികൂടരുതേ! ( ശിക്ഷാ നടപടി എടുക്കരുതേ!) ഞങ്ങളുടെ റബ്ബേ! ഞ ങ്ങളുടെ മുമ്പുള്ളവരുടെ മേൽ നീ ചുമത്തിയതുപോലെ, ഞങ്ങളുടെ മേൽ നീ ഭാരം ചുമത്തുകയും ചെയ്യരുതേ! ഞങ്ങളുടെ റബ്ബേ! ഞങ്ങൾക്ക് സാധ്യതയില്ലാത്തതു ഞ ങ്ങളെ (ക്കൊണ്ട്) നീ വഹിപ്പിക്കുകയും ചെയ്യരുതേ! ഞ ങ്ങൾക്ക് മാപ്പും നൽകണേ! ഞങ്ങൾക്ക് പൊറുത്തുത രുകയും ചെയ്യണേ! ഞങ്ങളോട് കരുണ ചെയ്യുകയും ചെയ്യേണമേ! നീ ഞങ്ങളുടെ യജമാനനാകുന്നു. ആക യാൽ അവിശ്വാസികൾക്കെതിരെ നീ ഞങ്ങളെ സഹായി ക്കേണമേ......!]

ഉറങ്ങുന്നതിന്ന് മുമ്പോ വീട്ടിൽവെച്ചോ മഗ്രിബിന്ന് ശേഷമോ ഒരു തവണ.

## ഫലപ്രദമായ പരീക്ഷണങ്ങൾ

(a) **അബീ മസ്ഊദുൽ അൻസാരി (റ) ൽ നിന്ന് നിവേദ** നം: നബി (സ) പറഞ്ഞു: രാത്രിയിൽ സൂറത്തുൽ ബഖറയുടെ അവസാനത്തെ രണ്ടു വാക്യങ്ങൾ

പാരായണം ചെയ്തവന്നാരോ അവനത് മതിയാവുന്നതാണ്. (ബുഖാരി, മുസ്ലിം)

(b) **നുഅ്മാൻ ബിൻ ബശീറിൻെറ ഹദീസിൽനിന്ന് ഹാകിം നിവേദനം:** നബി(സ) പറഞ്ഞു: ആകാശഭൂമികളെ സൃഷ്ടിക്കുന്നതിന്ന് രണ്ടായിരം വർഷങ്ങൾക്ക് മുമ്പ് അല്ലാഹു സുബ്ഹാനഹു വതആലാ കിതാബിൽ രേഖപ്പെടുത്തി വെക്കുകയും അതിൽ നിന്ന് രണ്ട് വാക്യങ്ങൾ ഇറക്കുകയും അതുകൊണ്ട് സൂറത്തുൽ ബഖറ അവസാനിപ്പിക്കുകയും ചെയ്തു. ഒരു വീട്ടിൽ ഇതു രണ്ടും പാരായണം ചെയ്താൽ മൂന്ന് ദിവസം വരെ പിശാച് സമീപിക്കുകയില്ല.

(c) **അലി (റ) ൽ നിന്ന് നിവേദനം:** "അദ്ദേഹം പറയുന്നു: സൂറത്തുൽ ബഖറയിൽ നിന്നുള്ള അവസാനത്തെ മൂന്നു വാക്യങ്ങൾ ഉറങ്ങുന്നതിന്ന് മുമ്പ് പാരായണം ചെയ്യാത്ത ഒരാളെ ബുദ്ധിമാനായി ഞാൻ കാണുന്നില്ല". (ശൈഖുൽ ഇസ്ലാമിൻെറ الكلم الطيب പേജ് :19).

# 4 - المعوذتين ഉം الإخلاص യും ചൊല്ലൽ

രാവിലെയും വൈകുന്നേരം ഉറങ്ങുന്നതിന്ന് മുമ്പും, എല്ലാ നമസ്കാരശേഷവും മൂന്നു തവണ.

قل هو الله أحد. الله الصمد. لم يلد ولم يولـــد. ولم يكـن لــه كفوا أحد.

ഖുൽ ഹുവല്ലാഹു അഹദ്. അല്ലാഹു സ്സ്വമദ്. ലം യലിദ് വലം യൂലദ്. വലം യകുൻലഹു കുഫുവൻ അഹദ്.

[(നബിയെ) പറയുക: അതു (കാര്യം):അല്ലാഹു ഏക നാകുന്നു. അല്ലാഹു സർവ്വാശ്രയനായ യജമാനനത്രെ. അവൻ (സന്താനം) ജനിപ്പിച്ചിട്ടില്ല; അവൻ (സന്താനമായി) ജനിച്ചുണ്ടായിട്ടുമില്ല. അവനു തുല്യനായിട്ട് യാതൊരുവനും ഇല്ല താനും].

قل أعوذ برب الفلق. من شر ما خلق. ومــن شــر غاسـق إذا وقب. ومن شر النفاثات في العقد. ومن شر حاسد إذا حسد.

ഖുൽ അഊദു ബിറബ്ബിൽ ഫലഖ്. മിൻ ശർറി മാ ഖലഖ്. വമിൻ ശർറി ഗാസിഖിൻ ഇദാ വഖബ്. വമിൻ ശർറിൻന്നഫ്ഫാസാതി ഫിൽ ഉഖദ്. വമിൻ ശർറി ഹാസിദിൻ ഇദാ ഹസദ്.

[പറയുക:- പുലരിയുടെ (പ്രഭാതത്തിൻെറ) റബ്ബിനോട് ഞാൻ ശരണം തേടുന്നു,- അവൻ സൃഷ്ടിച്ചിട്ടുള്ളവയുടെ കെടുതിയിൽ നിന്നും; ഇരുട്ടിയ രാത്രി മൂടിവരുമ്പോൾ അതിൻെറ കെടുതിയിൽ നിന്നും; കെട്ടുകളിൽ (മന്ത്രിച്ചു) ഊതുന്നവരുടെ കെടുതിയിൽ നിന്നും; അസൂയക്കാരൻ അസൂയപ്പെടുമ്പോൾ അവൻെറ കെടുതിയിൽ നിന്നും (ശരണം തേടുന്നു).

**قل أعوذ برب الناس. ملك النـاس. إلـه النـاس. مـن شـر الوسواس الخناس. الذي يوسوس في صدور الناس. من الجنـة والناس.**

ഖുൽ അഊദു ബിറബ്ബിന്നാസ്. മലികിന്നാസ്. ഇലാഹിന്നാസ്. മിൻ ശർറിൽ വസ്വാസിൽ ഖന്നാസ്. അല്ലദീ **യുവസ്‌വിസു ഫീ സ്വുദൂരിന്നാസ്.** മിനൽ ജിന്നതി വൻനാസ്.

[പറയുക: മനുഷ്യരുടെ റബ്ബിനോട് ഞാൻ ശരണം തേടുന്നു,- (അതെ) മനുഷ്യരുടെ രാജാധിപതിയായ,- മനുഷ്യരുടെ ആരാധ്യനായ (റബ്ബിനോട്), - (കുസൃതികൂട്ടി)

പിൻമാറിക്കളയുന്നവൻെറ ദുർമന്ത്രത്തിൻെറ കെടുതിയിൽ നിന്നും - അതായതു മനുഷ്യരുടെ ഹൃദയങ്ങളിൽ ദുർമന്ത്രം നടത്തുന്നവൻ, - ജിന്നുകളിൽ നിന്നും, മനുഷ്യരിൽ നിന്നും (ദുർമന്ത്രം നടത്തുന്നവൻ)].

## ഫലപ്രദമായ പരീക്ഷണങ്ങൾ:

(a) **അബ്ദുല്ലാഹ് ബിൻ ഖുബൈബ് തൻെറ പിതാവിനെ തൊട്ട് നിവേദനം:** അദ്ദേഹം പറയുന്നു: ഇരുൾ മുറ്റിയതും മഴയുള്ളതുമായ ഒരു രാത്രിയിൽ ഞങ്ങളുടെ നമസ്കാരത്തിന്ന് (നേതൃത്വം നൽകാൻ) വേണ്ടി നബി(സ) യെ തേടി ഞങ്ങൾ പുറപ്പെട്ടു. അങ്ങിനെ ഞാനദ്ദേഹത്തെ കണ്ടെത്തി. അപ്പോൾ തിരുമേനി പറഞ്ഞു: "നീ പറയൂ" എന്ന്. ഞാനൊന്നും പറഞ്ഞില്ല. വീണ്ടും നബി (സ) പറഞ്ഞു: "നീ പറയൂ" എന്ന്. ഞാനൊന്നും പറഞ്ഞില്ല. വീണ്ടും നബി (സ) പറഞ്ഞു: "നീ പറയൂ" എന്ന്. അപ്പോൾ ഞാൻ ചോദിച്ചു: "അല്ലാഹുവിൻെറ ദൂതരെ! ഞാനെന്താണ് പറയേണ്ടത്?" അപ്പോഴവിടുന്ന് പറഞ്ഞു: രാവിലെയും വൈകുന്നേരവും ഖുൽ ഹുവല്ലാഹു അഹദും മുഅവ്വദതൈനിയും മൂന്ന് തവണ പാരായണം ചെയ്താൽ എല്ലാ കാര്യത്തിലും അത് മതിയാവുന്നതാണ്. (തിർമുദി - 3/182)

## മുഅവ്വദതൈൻ കൊണ്ട് അഭയം തേടലിൻെറ മഹത്വം

(b) **ഉഖ്ബത്ത് (റ)ൽ നിന്ന് നിവേദനം:** നബി(സ) പറഞ്ഞു: ഓ ഉഖ്ബ:! നിനക്ക് പാരായണം ചെയ്യാൻ രണ്ട് സൂറത്തുകൾ ഞാൻ പഠിപ്പിച്ചു തരുന്നു. ഖുൽ അഊദു ബി റബ്ബിൽ ഫലഖും ഖുൽ അഊദു ബിറബ്ബിന്നാസും. ഉഖ്ബാ! ഉറങ്ങുന്നേരവും എഴുന്നേൽക്കുന്ന സമയവും നീയത് പാരായണം ചെയ്യുക. ചോദിക്കുന്ന ഒരാളും ചോദിച്ചിട്ടില്ല, അഭയം തേടുന്ന ഒരാളും അഭയം തേടിയിട്ടില്ല; ഇവക്ക് തുല്ല്യമായുള്ള ഒന്ന് കൊണ്ട് (جامع الأصول - 8/491-492)

c) **ജിന്നുകളിൽ നിന്നും മനുഷ്യനയനങ്ങളിൽ നിന്നും സംരക്ഷണം:**

അബീ സഈദിൽ ഖുദ്രിയ്യ്(റ) ൽ നിന്ന്: ജിന്നുകളിൽ നിന്നും മനുഷ്യനയനങ്ങളിൽ നിന്നും നബി (സ) അഭയ പ്രാർഥന നടത്താറുണ്ടായിരുന്നു; മുഅവ്വദതാനി അധ്യായങ്ങൾ ഇറങ്ങുന്നതുവരെ. അവ രണ്ടും ഇറങ്ങിയപ്പോൾ അവ സ്വീകരിക്കുക

യും മറ്റെല്ലാം ഉപേക്ഷിക്കുകയും ചെയ്തു. (തിർമുദി - 2/206).

(d) **പാരായണ സ്ഥലങ്ങൾ:-**

എല്ലാ നമസ്കാരശേഷവും ഖുൽ ഹുവല്ലാഹു അഹദും ഖുൽ അഊദു ബിറബ്ബിൽ ഫലഖും ഖുൽ അഊദു ബിറബ്ബിന്നാസും പാരായണം ചെയ്യുക (തിർമുദി - 2/8).

ഉറങ്ങാൻ പോവുമ്പോൾ എല്ലാ രാത്രിയിലും നബി (സ) അവിടുത്തെ രണ്ട് കൈപ്പത്തിയും ചേർത്ത് വെച്ച് അവയിൽ ഊതുകയും അവയിൽ قل هو الله احد ഉം قل اعوذ برب الفلق ഉം قل اعوذ برب الناس ഉം പാരായണം ചെയ്യുകയും തുടർന്ന് ശരീരത്തിൽ എത്താവുന്നിടത്തൊക്കെ അതുകൊണ്ട് തടവുകയും ചെയ്യാറുണ്ടായിരുന്നു.

## 5- لا حول ولا قوة الا بالله എന്ന് ധാരാളമായി പറയൽ

ലാ ഹൗല വലാ ഖുവ്വത്ത ഇല്ലാ ബില്ലാഹ്.

[അല്ലാഹുവിനെക്കൊണ്ടല്ലാതെ യാതൊരു കഴിവും കരുത്തുമില്ല].

### ഫലപ്രദമായ പരീക്ഷണങ്ങൾ

സ്വർഗ്ഗീയ നിക്ഷേപങ്ങളിലെ വമ്പിച്ച നിക്ഷേപം, അതിൻെറ അടയാളമോ അത്ഭുതകരം.

(a) **അബീമൂസാ അൽ അശ്അരി (റ) യിൽ നിന്ന് നിവേദനം:** അദ്ദേഹം പറയുന്നു: നബി (സ) എന്നോട് പറഞ്ഞു: സ്വർഗ്ഗ നിക്ഷേപത്തിൽ പെട്ട ഒരു നിക്ഷേപത്തിലേക്ക് ഞാൻ നിനക്ക് മാർഗ്ഗദർശനം തരട്ടെയോ....? അപ്പോൾ ഞാൻ പറഞ്ഞു: അതെ, അല്ലാഹുവിൻെറ പ്രവാചകരെ. അവിടുന്ന് പറഞ്ഞു: ലാ ഹൗല വലാ ഖുവ്വത്ത ഇല്ലാ ബില്ലാഹ് എന്ന് പറയുക. (ബുഖാരി, മുസ്‌ലിം).

(b) ഇബ്നുൽ ഖയ്യിം (റ) പറയുന്നു: ഈ വാക്യത്തിന് പ്രയാസകരമായ കർമ്മങ്ങളിൽ സഹായിക്കുന്നതിലും ബുദ്ധിമുട്ടുകൾ ഏറ്റെടുക്കുന്നതിലും രാജധാനികളിൽ പ്രവേശനം നേടുന്നതിലും കഠിനതരമായ അവസ്ഥ യിലെ ഭയപ്പാടുകളിലും ദാരിദ്ര്യം അകറ്റുന്നതിലും അ ത്ഭുതകരമായ അടയാളങ്ങളുണ്ട്.

ശത്രുവിനെ കണ്ടുമുട്ടുമ്പോഴോ അതോ മറ്റു സംരക്ഷണങ്ങൾ വേണ്ടി വരുമ്പോഴോ ഹബീബ് ഇബ്നു സലമ (റ), ലാ ഹൗല വലാ ഖുവ്വത്ത ഇല്ലാ ബി ല്ലാഹ് എന്നു പറയാനിഷ്ടപ്പെടുമായിരുന്നു. ഒരു ദിവസം റോം ഉപരോധിക്കവേ ഇങ്ങനെ സംരക്ഷണം തേടുക യും തൻമൂലം സുരക്ഷിതത്വം ലഭിക്കുകയും അപ്പോഴദ്ദേ ഹം മുസ്ലിംകളോട് അതു പറയുകയും അവർ തക്ബീർ മുഴക്കുകയും സംരക്ഷണം ഫലവത്തായിത്തീരു കയും ചെയ്തു. ( ഇബ്നുൽഖയ്യിമിൻെറ الوابل الصيب പേജ്:98)

**എല്ലാ വിധ രോഗങ്ങൾക്കും ബുദ്ധിമുട്ടുകൾക്കും ശമനം:**

(a) **അബീഹുറൈറ (റ) യിൽ നിന്ന് നിവേദനം:** നബി(സ) പറഞ്ഞു: لا حول ولا قوة الا بالله എന്ന് പറഞ്ഞവനാരോ അവന്ന് ഇതിൽ തൊണ്ണൂറ്റൊമ്പത് തരം രോഗങ്ങൾ ക്ക് ശമനമുണ്ട്. അതിൽ ഏറ്റവും താഴെക്കിടയിലു ള്ളത് വിഷാദമാണ്. (ഹാകിം المستدرك ൽ 1/542).

## بسم الله الذي لا يضر مع اسمه شيئ في الأرض ولا في السماء وهو السميع العليم എന്ന് ചൊല്ലൽ.

**രാവിലെയും വൈകുന്നേരവും മൂന്നു തവണ വീതം.**

[ബിസ്മില്ലാഹില്ലദീ ലാ യദുർറു മഅ ഇസ്മുഹു ശയ്ഉൻ ഫിൽ അർദി വലാ ഫിസ്സമാഇ വഹുവസ്സമീഉൽ അലീം.].

(അല്ലാഹുവിൻെറ നാമത്തിൽ, അവൻെറ പേരിനൊപ്പം ആകാശത്തിലും ഭൂമിയിലും യാതൊന്നും പ്രയാസപ്പെടുത്തുകയില്ല. അവൻ എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാണ്).

### ഫലപ്രദമായ പരീക്ഷണം

എല്ലാ ബുദ്ധിമുട്ടിൽ നിന്നും സംരക്ഷണം. എല്ലാ പ്രയാസങ്ങൾക്കും പ്രതിരോധം.

(a) **ഉസ്മാൻ ബിൻ അഫ്ഫാൻ (റ)യിൽ നിന്ന് നിവേദനം:** അദ്ദേഹം പറയുന്നു: നബി(സ) പറഞ്ഞു: ഏതൊരടിമയാണോ ദിനേന രാവിലെയും വൈകുന്നേരവും بسم الله الذي لا يضر مع اسمه شيئ في

السميع العليم وهو السماء في ولا الأرض എന്ന് മൂന്നു തവണ വീതം പറയുന്നത് അവന്ന് ഒരു പ്രയാസവും ബാധിക്കുകയില്ല. (തിർമിദി - 3385). പെട്ടെന്നുള്ള ബുദ്ധിമുട്ട് അവന്ന് വന്നുചേരുകയില്ല (അബീ ദാവീദ്).

അബ്ബാൻ ബിൻ ഉസ്മാന് (ഈ ഹദീസിൻെറ റിപ്പോർട്ടർ) പക്ഷവാതം പിടിച്ച് ബുദ്ധിമുട്ട് വന്നപ്പോൾ ഈ ഹദീസ് അദ്ദേഹത്തിൽ നിന്ന് കേട്ട വ്യക്തി അദ്ദേഹത്തെ നോക്കി.[2] അപ്പോൾ അദ്ദേഹം പറഞ്ഞു: നിനക്കെന്താ? നീയെന്നെ വല്ലാതെ നോക്കുന്നല്ലോ? അല്ലാഹുവാണെ ഞാൻ ഉസ്മാനെ കളവാക്കിയിട്ടില്ല; ഉസ്മാനോ നബിയെയും കളവാക്കിയിട്ടില്ല. പക്ഷേ എനിക്കിത് സംഭവിച്ച നാൾ ഞാൻ വല്ലാതെ കോപിച്ചുപോയി. അങ്ങിനെ ഞാനത് പാരായണം ചെയ്യാൻ മറന്നു. (അബീദാവൂദ്- 958)

പ്രധാന പ്രയോജനം: ഇതൊരു തെളിവാണ്. കോപമോ മറ്റു വികാരങ്ങളായ പേടി, ദു:ഖം, ചിരി, കരച്ചിൽ

---

2. ഈ ഹദീസ് എനിക്ക് പറഞ്ഞുതന്ന ആൾ തന്നെ ഇങ്ങനെ പക്ഷവാതം പിടിച്ചു കിടക്കുന്നല്ലോ എന്ന അർത്ഥത്തിൽ നോക്കി.

മറ്റു ദേഹേച്ഛകളിലേക്കുള്ള ചായ്‌വ് എന്നിവയോ സംരക്ഷണവും പ്രയോജനവും തടയപ്പെടാൻ കാരണങ്ങളായിത്തീരുന്നു. ഇത്തരം കാര്യങ്ങളിൽ പിശാച് അവന് മറവി നൽകുന്നു. കോപം പോലുള്ള കാര്യങ്ങളിൽ വിശേഷിച്ചും. കോപമാവട്ടെ പിശാചിൽ നിന്നുള്ളതാണെന്ന് വ്യക്തമാണല്ലോ. അതാണ് അബ്ബാൻ (റ) വിന്ന് സംഭവിച്ചതും. അവിടെ സുരക്ഷ വിഫലമായി.

ദിക്റുകൾ ഉപയോഗപ്പെടുത്തിയ അതേ വ്യക്തിക്ക് തന്നെ വല്ലതും സംഭവിച്ചാൽ നീ അത്ഭുതപ്പെടരുത്. സംരക്ഷണത്തിൻെറ മാർഗ്ഗത്തിൽ പിശാച് പ്രവേശിച്ചിരിക്കയാൽ അതിൽ വിള്ളൽ വീണിരിക്കുന്നു. (എന്ന് മനസ്സിലാക്കിയാൽ മതി)!

# 7- أعوذ بكلمات الله التامات من شرما خلق എന്ന് ചൊല്ലൽ

അഊദു ബി കലിമാതില്ലാഹിത്താമ്മാത്തി മിൻ ശർറി മാ ഖലഖ്.

[അല്ലാഹുവിൻെറ ഉത്തമ വചനങ്ങളെക്കൊണ്ട്, അവൻ സൃഷ്ടിച്ചിട്ടുള്ളവയുടെ കെടുതിയിൽ നിന്ന് ഞാന ഭയം തേടുന്നു].

വൈകുന്നേരവും വല്ലയിടത്തും തങ്ങിയാലും മൂന്നു തവണ.

## ഫലപ്രദമായ പരീക്ഷണം

തേൾ വിഷത്തിനെതിരെയും ഭൂമിയിൽ അല്ലാഹുവിൻെറ സൃഷ്ടികളിൽ പെട്ട ജന്തുക്കളിൽ നിന്നുള്ള കുഴപ്പങ്ങൾക്കെതിരെയും സ്ഥലങ്ങളും പാർപ്പിടങ്ങളും സംരക്ഷിക്കൽ.

(a) **അബീഹുറൈറ(റ) നിവേദനം:** അദ്ദേഹം പറയുന്നു: നബി(സ)യുടെ അടുക്കൽ വന്ന് ഒരാൾ പറഞ്ഞു: അല്ലാഹുവിൻെറ ദൂതരെ, എന്നെ കുത്തുന്ന

തേളിനെ ഇന്നലെ ഞാൻ കാണാതിരുന്നതെന്തേ...? തിരുദൂതർ (സ) പറഞ്ഞു: വൈകുന്നേരമാവുമ്പോൾ أعوذ بكلمات الله التامات من شرما خلق എന്ന് നീ പറഞ്ഞാൽ നിന്നെ ഒന്നും ബുദ്ധിമുട്ടിക്കുകയില്ല.

**പരീക്ഷണ ഫലം**

ഖുർത്തുബി (റ) പറഞ്ഞു: ഇത് നല്ല ഹദീസാണ്. സത്യസന്ധന്റെ വാക്കുമാണ്. തെളിവിലൂടെയും പരീക്ഷണത്തിലൂടെയും അദ്ദേഹത്തിന്റെ സത്യം ഞങ്ങളറിഞ്ഞിരിക്കുന്നു.

(b) മുസ്ലിം(റ) അദ്ദേഹത്തിന്റെ സ്വഹീഹിൽ പറയുന്നു: ഒരാൾ ഒരിടത്ത് തങ്ങി; أعوذ بكلمات الله التامات من شرما خلق എന്ന് പറഞ്ഞാൽ ആ സ്ഥലം വിട്ടുപോവുന്നത് വരെ അവനെ യാതൊന്നും ബുദ്ധിമുട്ടിക്കുകയില്ല.

# 8- حسبي الله لا اله الا هو عليه توكلت وهو رب العرش العظيم എന്ന് ചൊല്ലൽ

ഹസ്ബിയല്ലാഹു ലാ ഇലാഹ ഇല്ലാ ഹുവ അലയ്ഹി തവക്കൽതു വഹുവ റബ്ബുൽ അർശിൽ അളീം.

[എനിക്കല്ലാഹു മതി. അവനല്ലാതെ ആരാധ്യനില്ല. ഞാനവനിൽ ഭരമേൽപ്പിച്ചു. മഹത്തായ സിംഹാസനത്തിന്റെ നാഥനത്രെ അവൻ].

രാവിലെയും വൈകുന്നേരവും ഏഴുപ്രാവശ്യം വീതം.

## ഫലപ്രദമായ പരീക്ഷണം

ഇഹ-പര ലോക ചിന്തകളിൽ നിന്ന് മുക്തി

(a) **അബീ ദർദാഅ്(റ)ൽ നിന്ന് നിവേദനം:** അദ്ദേഹം പറയുന്നു. നബി(സ) പറഞ്ഞു: എല്ലാ ദിവസവും രാവിലെയും വൈകുന്നേരവും حسبي الله لا اله الا هو عليه توكلت وهو رب العرش العظيم എന്ന് ഏഴു പ്രാവശ്യം പറഞ്ഞാൽ അവനെ അലട്ടുന്ന ഇഹ-പര ലോക കാര്യങ്ങളിൽ അല്ലാഹു അവന്ന് മതി വരുത്തുന്നതാണ്.

## 9- بسم الله توكلت على الله ولا حول ولا قوة الا بالله എന്ന് ചൊല്ലൽ

ബിസ്മില്ലാഹി തവക്കൽതു അലല്ലാഹി വലാ ഹൗല വലാ ഖുവ്വത ഇല്ലാ ബില്ലാഹ്.

[അല്ലാഹുവിൻെറ നാമത്തിൽ, അല്ലാഹുവിൽ ഞാൻ ഭരമേൽപ്പിച്ചു. അവനെക്കൊണ്ടല്ലാതെ യാതൊരു കഴിവും കരുത്തുമില്ല].

വീട്ടിൽ നിന്ന് പുറത്തുപോവുമ്പോൾ ഒരു തവണ.

### ഫലപ്രദമായ പരീക്ഷണം

(a) **അനസ് (റ) ൽ നിന്ന് നിവേദനം:** അദ്ദേഹം പറയുന്നു: നബി (സ) പറഞ്ഞു: വീട്ടിൽ നിന്ന് പുറത്തുപോവുന്നേരം بسم الله توكلت على الله ولا حول ولا قوة الا بالله എന്ന് പറഞ്ഞവനാരോ അവനോട് പറയപ്പെടും നിനക്ക് മതി, നിനക്ക് സുരക്ഷ,

നിനക്ക് മോക്ഷം. പിശാച് അവനിൽ നിന്ന് അകന്നു നിൽക്കുന്നതുമാണ് (തിർമുദി).

അബീ ദാവൂദ് തൻെറ നിവേദനത്തിൽ ഇത്രകൂടി അധികരിപ്പിച്ചു: 'പിശാച് മറ്റൊരു പിശാചിനോട് പറയും: സുരക്ഷയും മതിവും മോക്ഷവും ലഭിച്ച ഒരാളെ നിനക്കെന്ത് ചെയ്യാൻ കഴിയും?

# 10 - لا اله الا الله وحده لا شريك له له الملك وله الحمد وهو على كل شيئ قدير എന്ന് ചൊല്ലൽ

ലാ ഇലാഹ ഇല്ലല്ലാഹു വഹ്ദഹു ലാ ശരീകലഹു ലഹുൽ മുൽകു വലഹുൽ ഹംദു വഹുവ അല്ലാ കുല്ലി ശയ്ഇൻ ഖദീർ.

( അല്ലാഹു അല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല. അവൻ ഏകൻ. അവന്ന് യാതൊരു പങ്കുകാരുമില്ല. അവന്നാണ് ആധിപത്യം. അവന്നത്രെ സർവ്വ സ്തുതിയും. അവൻ എല്ലാ കാര്യത്തിനും കഴിവുള്ളവനാണ്).

രാവിലെയും വൈകുന്നേരവും പത്തു തവണ. ദിവസത്തിൽ നൂറോ അതിലധികമോ തവണ. അങ്ങാടിയിൽ പ്രവേശിക്കുമ്പോൾ ഒരു തവണ.

## ഫലപ്രദമായ പരീക്ഷണം

(a) **അബീഹുറൈറ(റ)** പറയുന്നു: റസൂൽ (സ) പറഞ്ഞു: لا اله الا الله وحده لا شريك له له الملك وله الحمد وهو علـى كـل شيـئ قديـر എന്ന് പുലരുമ്പോൾ പത്ത്

തവണ പറഞ്ഞവന്ന് അല്ലാഹു നൂറു പുണ്യം രേഖ പ്പെടുത്തുകയും നൂറ് തിൻമ മായ്ച്ചുകളയുകയും ഒരടിമയെ മോചിപ്പിച്ച ഫലം അവന്ന് നൽകുക യും അതുകൊണ്ട് സന്ധ്യവരെ അവന്ന് സംരക്ഷ ണവും നൽകുന്നതാണ്. വൈകുന്നേരം പറഞ്ഞാ ലും ഈ വിധം ലഭിക്കുന്നതാണ്. (ഇമാം അഹ്മദ്)

മറ്റൊരു നിവേദനത്തിൽ : ഇത് നൂറുതവണ പറഞ്ഞ താരോ അവന്ന് പത്ത് അടിമകളെ മോചിപ്പിച്ച ഫലം നൽകപ്പെടും. നൂറു നൻമ രേഖപ്പെടുത്തുകയും നൂറു തി ൻമ മായ്ച്ചുകളയുകയും അന്ന് വൈകുന്നേരം വരെ പിശാചിൽ നിന്നും സംരക്ഷണം ലഭിക്കുകയും ചെയ്യുന്ന താണ്. ഇങ്ങിനെ ഇതിനേക്കാൾ പുണ്യകരമായത് മറ്റൊ രാളും ചെയ്തിട്ടില്ല; ഇവനേക്കാൾ കൂടുതൽ കർമ്മം ചെയ്ത ആളല്ലാതെ.

## അങ്ങാടിയിൽ പ്രവേശിച്ച് അല്ലാഹുവോടൊത്തുള്ള കച്ചവടത്തിൽ ലക്ഷങ്ങളുടെ ലാഭം!

(b) ഉമർ ബിൻ അൽഖത്താബ് (റ) ൽ നിന്ന് നിവേ ദനം: നബി (സ) പറഞ്ഞു: അങ്ങാടിയിൽ പ്രവേശിച്ച് لا اله الا الله وحده لا شريك له له الملك وله الحمد يحي ويميت وهو حي لا يموت بيده الخير وهو على كل شيئ قدير

ലാ ഇലാഹ ഇല്ലല്ലാഹു വഹ്ദഹു ലാ ശരീക ലഹു ലഹുൽമുൽകു വലഹുൽ ഹംദു യുഹ്യീ വ യുമീതു വ ഹുവ ഹയ്യുൻ ലാ യമൂതു ബി യദിഹിൽ ഖയ്റി വഹുവ അലാ കുല്ലി ശയ്ഇൻ ഖദീർ.

[അല്ലാഹുവല്ലാതെ ആരാധനക്കർഹനായാരുമില്ല. അവന്നാണ് ആധിപത്യം. അവന്നാണ് സർവ്വത്ര സ്തുതി. അവൻ ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നു. മരണമില്ലാതെ എന്നെന്നും ജീവിക്കുന്നവനത്രെ അവൻ. പുണ്യം അവൻെറ പക്കലാണ്. അവൻ എല്ലാ കാര്യത്തിലും കഴിവുള്ളവനുമത്രെ]. എന്നു പറഞ്ഞവനാരോ അവന്ന് പത്തുലക്ഷം പുണ്യം രേഖപ്പെടുത്തുകയും അത്രയും പാപങ്ങൾ മായ്ച്ചു കളയുകയും അത്രയും പദവി ഉയർത്തുകയും ചെയ്യും. (തിർമിദി).

ഹാകിം നിവേദനം ചെയ്ത ഒരു റിപ്പോർട്ടിൽ : ഞാൻ ഖുറാസാനിൽ ചെന്നപ്പോൾ ഖുതൈബതുബിൻ മുസ്ലിം എന്ന ആളുടെ അടുത്തു ചെന്നു. ഞാൻ പറഞ്ഞു: താങ്കൾക്കൊരു സമ്മാനവുമായാണ് ഞാൻ വന്നത്. ഈ ഹദീസ് ഞാനദ്ദേഹത്തിന് പറഞ്ഞുകൊടുത്തു. അപ്പോഴദ്ദേഹം അദ്ദേഹത്തിൻെറ വാഹനപ്പുറത്തേറി അങ്ങാടിയിൽ പോയി ഈ വാക്യം ചൊല്ലി തിരിച്ചുപോന്നു.

സഹോദരാ....! ഇത്രയും ചെറുതും ലളിതവുമായ ഈ ദിക്റിലൂടെ ഇത്രയും വമ്പിച്ച ഗുണം ലഭിക്കുന്ന

തിൽ നീ അത്ഭുതപ്പെടരുത്. അല്ലാഹു മാന്യൻമാരിൽ മാന്യനാണ്. അവൻെറ ഔദാര്യമോ അതിവിശാലവുമാണ്. ഇത് അല്ലാഹുവിൽ നിന്നുള്ള ഒരറിയിപ്പാണ്. എന്തെന്നാൽ അല്ലാഹുവോടൊത്ത് അങ്ങാടിയിലെ ഈ കച്ചവടം മറ്റൊരാളുമൊത്തുള്ള കച്ചവടത്തേക്കാൾ ഏറ്റവും പുണ്യകരവും മഹത്വമേറിയതുമാണ്. അതിനാൽ ഇഹലോക വ്യാപാരത്തിൽ വ്യാപൃതനായി അല്ലാഹുവിനെ മറക്കാതിരിക്കുക. അങ്ങാടിയിൽ തനിക്ക് ആധിപത്യം കിട്ടുന്നതിൽ പിശാച് വളരെ ആർത്തി പൂണ്ടിരിക്കുന്നു. തൻമൂലം അങ്ങാടിയിൽ വിനോദവും കളവും ചതിയും കാപട്യവും സുലഭമാവും. അബീ ഉസ്മാൻ (റ), സൽമാൻ (റ) ൽ നിന്ന് നിവേദനം ചെയ്യുന്നു: നിനക്കാവുമെങ്കിൽ, അങ്ങാടിയിൽ ആദ്യം പ്രവേശിക്കുന്നവനും അവസാനം പുറപ്പെടുന്നവനും നീയാവാതിരിക്കണം. അത് പിശാചിൻെറ പടക്കളമാണ്. അവനവിടെ മേധാവിത്വം നേടിയിരിക്കുന്നു. (മുസ്ലിം)

**ഖൈസ് ബിൻ അബീ ഗർസ: നിവേദനം:** റസൂൽ (സ) നമ്മുടെ അടുത്തു വന്നു. ഞങ്ങൾ ഞങ്ങളെ ദല്ലാളൻമാർ എന്നാണ് വിളിച്ചിരുന്നത്. തിരുമേനി (സ) പറഞ്ഞു: കച്ചവട സമൂഹമേ.... പിശാചും പാപങ്ങളും കച്ചവടത്തിൽ ഒന്നിച്ച് സന്നിഹിതരാവുന്നതാണ്. അതിനാൽ നിങ്ങളുടെ കച്ചവടങ്ങളെ ധർമ്മം കൊണ്ട് നിങ്ങൾ അലങ്കരിക്കുവീൻ (തിർമിദി)

## 11- اعوذ بالله العظيم وبوجهــه الكريم وبسلطانه القديم من الشيطان الرجيم എന്ന് ചൊല്ലൽ

അഊദു ബില്ലാഹിൽ അളീം വബിവജ്ഹിഹിൽ കരീം വബി സുൽത്വാനിഹിൽ ഖദീം മിനശ്ശയ്ത്വാനിർറജീം.

[മഹാനായ അല്ലാഹുവിനെക്കൊണ്ട്, അവൻെറ അനുഗൃഹീതമായ തിരുമുഖം കൊണ്ട്, അവൻെറ ചിരപുരാതനമായ ആധിപത്യം കൊണ്ട് ശപിക്കപ്പെട്ട പിശാചിൽ നിന്നും ഞാനഭയം തേടുന്നു].

പള്ളിയിൽ കയറുമ്പോൾ ഒരു തവണ.

### ഫലപ്രദമായ പരീക്ഷണം

ദിവസം മുഴുവൻ പിശാചിൽ നിന്ന് രക്ഷ.

**അബ്ദുല്ലാഹ്** ബിൻ അംറ് (റ)ൽ നിന്ന് നിവേദനം: നബി (സ) പള്ളിയിൽ പ്രവേശിക്കുമ്പോൾ اعوذ بالله العظيم وبوجهــه الكريم وبسلطانه القديم مـن الشيطـان الرجيــم എന്ന് ചൊല്ലാറുണ്ടായിരുന്നു. ഇത് ഒരാൾ ചൊല്ലിയാൽ പിശാച് പറയും: ദിവസം മുഴുവൻ അവൻ എന്നിൽ നിന്ന് സുരക്ഷിതനായി (അബൂദാവൂദ്).

## 12- استغفر الله الذي لا اله الا هو الحي القيوم وأتوب إليه എന്ന് ചൊല്ലൽ.

അസ്തഗ്ഫിറുല്ലാഹില്ലദീ ലാ ഇലാഹ ഇല്ലാ ഹുവൽ ഹയ്യുൽ ഖയ്യൂം വ അതൂബു ഇലയ്ഹി.

[അല്ലാഹുവിനോട് ഞാൻ പാപമോചനം തേടുന്നു. അവനല്ലാതെ ആരാധനക്കർഹനായി മറ്റാരും ഇല്ലാത്തവ നാണവൻ. ജീവിക്കുന്നവനും എന്നും നിലനിൽക്കുന്നവ നും. അവങ്കലേക്ക് ഞാൻ ഖേദപൂർവ്വം മടങ്ങുകയും ചെയ്യുന്നു].

ധാരാളമായി ചൊല്ലൽ.

### ഫലപ്രദമായ പരീക്ഷണം

പിശാചിൽ നിന്ന് വമ്പിച്ച രക്ഷ.

ഇബ്നു മസ്ഊദ്(റ) നിവേദനം: അദ്ദേഹം പറയുന്നു: റസൂൽ (സ) പറഞ്ഞു: استغفر الله الذي لا اله الا هو الحي القيوم وأتوب إليه എന്ന് വല്ലവനും പറഞ്ഞാൽ അവൻെറ എല്ലാ പാപങ്ങളും പൊറുക്കപ്പെടും. യുദ്ധമുഖത്തു നിന്ന് പിന്തിരിഞ്ഞോടിയവനായാൽ പോലും.

# 13 - നബി(സ) യുടെ മേൽ സ്വലാത്ത് അധികരിപ്പിക്കൽ

രാവിലെയും വൈകുന്നേരവും ചുരുങ്ങിയാൽ പത്ത് തവണ വീതം. അധികമായാൽ എത്രയുമാവാം.

## ഫലപ്രദമായ പരീക്ഷണം

വിഷാദം നീക്കൽ, പാപമോചനം, ഇഹ-പരലോക പുണ്യം എന്നിവ ഇതിൽ ഒരുമിച്ചു ചേർന്നു.

(a) **ഥുഫൈൽ ബിൻ ഉബയ്യ് ബിൻ കഅ്ബ് തൻെറ പിതാവിൽ നിന്ന് നിവേദനം:** അദ്ദേഹം പറഞ്ഞു: അല്ലാഹുവിൻെറ ദൂതരെ, ഞാനങ്ങയുടെ മേൽ സ്വലാത്ത് വർദ്ധിപ്പിക്കുന്നു. എത്ര തവണയാണ് ഞാൻ താങ്കൾക്ക് വേണ്ടി സ്വലാത്ത് ചൊല്ലേണ്ടത്? തിരുദൂതർ(സ) പറഞ്ഞു: നിനക്കിഷ്ടമുള്ളത്ര. ഞാൻ ചോദിച്ചു: നാലിലൊന്ന്? തിരുദൂതർ (സ) പറഞ്ഞു: നിനക്കിഷ്ടമുള്ളത്ര. അധികരിപ്പിച്ചാൽ നിനക്ക് പുണ്യം. ഞാൻ ചോദിച്ചു: പകുതിയോ? തിരുദൂതർ (സ) പറഞ്ഞു: നിനക്കിഷ്ടമുള്ളത്ര. അധികരിപ്പിച്ചാൽ

നിനക്ക് പുണ്യം. ഞാൻ ചോദിച്ചു: മൂന്നിൽ രണ്ട് ഭാഗം? തിരുദൂതർ(സ) പറഞ്ഞു: നിനക്കിഷ്ടമുള്ളത്ര. അധികരിപ്പിച്ചാൽ നിനക്ക് പുണ്യം. അപ്പോൾ ഞാൻ ചോദിച്ചു: എന്റെ സ്വലാത്ത് മുഴുവൻ താങ്കൾക്കാക്കട്ടെയോ? തിരുദൂതർ(സ) പറഞ്ഞു: എന്നാൽ നിന്റെ വിഷാദം നീങ്ങുകയും പാപങ്ങൾ പൊറുക്കപ്പെടുകയും ചെയ്യും. (തിർമിദി)

ശൈഖുൽ ഇസ്‌ലാം ഇബ്നുതൈമിയ്യ (റ)യോട് ഈ ഹദീസിന്റെ വ്യാഖ്യാനത്തെക്കുറിച്ച് ചോദിക്കപ്പെട്ടു. അപ്പോഴദ്ദേഹം പറഞ്ഞു: ഉബയ്യ് ബിൻ കഅ്ബിന് സ്വന്തം നിലയിൽ അദ്ദേഹം പ്രാർത്ഥിക്കാറുണ്ടായിരുന്ന പ്രാർത്ഥനയുണ്ടായിരുന്നു. അങ്ങിനെ അദ്ദേഹം നബി(സ)യോട് ചോദിച്ചു: അതിന്റെ നാലിലൊരു ഭാഗം ഞാൻ നബി (സ)യുടെ മേലുള്ള സ്വലാത്താക്കട്ടെയോ എന്ന്. അപ്പോൾ നബി(സ) പറഞ്ഞു: അധികരിപ്പിച്ചാൽ നിനക്ക് പുണ്യമുണ്ട്. അപ്പോഴദ്ദേഹം ചോദിച്ചു: പകുതി? നബി (സ) പറഞ്ഞു: അധികരിപ്പിച്ചാൽ നിനക്ക് പുണ്യമുണ്ട്. അദ്ദേഹത്തിന്റെ പ്രാർഥനകൾ മുഴുവൻ തിരുമേനിയുടെ മേലുള്ള സ്വലാത്താക്കട്ടെയോ എന്നെത്തുന്നതുവരെ ചോദിച്ചു. നബി (സ) പറഞ്ഞു: എന്നാൽ നിന്റെ വിഷാദം മാറുക

യും പാപങ്ങൾ പൊറുക്കപ്പെടുകയും ചെയ്യും. ഒരാൾ നബിയുടെ മേൽ ഒരു സ്വലാത്ത് ചൊല്ലിയാൽ അല്ലാഹു അവന്ന് പത്ത് പുണ്യം നൽകുന്നതാണ്. അല്ലാഹു ഒരുവന്ന് പുണ്യം വർഷിച്ചാൽ അവൻെറ വ്യഥ ഇല്ലാതാവുകയും പാപങ്ങൾ പൊറുക്കപ്പെടുകയും ചെയ്യും.

ശൗകാനി (റ) പറയുന്നു: ഇഹ പര നേട്ടങ്ങൾ ഈ രണ്ടു കാര്യങ്ങളിൽ ഒരുമിച്ചുകൂടിയിരിക്കുന്നു. ഏതൊരാളുടെ വിഷാദത്തെ അല്ലാഹു നീക്കം ചെയ്തുവോ ഇഹലോകത്തെ പരീക്ഷണങ്ങളിൽ നിന്നും പ്രയാസങ്ങളിൽ നിന്നും അയാൾ രക്ഷ പ്രാപിച്ചു. എല്ലാ പരീക്ഷണ ഘട്ടങ്ങളിലും അതെത്ര ലഘുതരമാണെങ്കിലും വിഷാദങ്ങൾ അതിൻെറ ഭാഗമായിരിക്കും. ഏതൊരാളുടെ പാപങ്ങൾ അല്ലാഹു പൊറുത്തുവോ പരലോകത്തെ പരീക്ഷണങ്ങളിൽ നിന്നും അയാൾ രക്ഷപ്പെട്ടു. ഒരടിമയെ അവിടെ അലട്ടിക്കൊണ്ടിരിക്കുന്നത് അവൻെറ പാപമല്ലാതെ മറ്റൊന്നുമല്ല. **(ശൗകാനി - تحفة الذاكرين പേജ് - 30)**

**നബി(സ) യുടെ ശുപാർശ:**

(b) നബി(സ) പറഞ്ഞു: പ്രഭാതാവസരത്തിലും വൈകുന്നേരവും ഏതൊരാൾ എൻെറ മേൽ പത്ത് തവ

ണ വിതം സ്വലാത്ത് ചൊല്ലിയോ ഖിയാമത്ത് നാളിൽ എൻെറ ശുപാർശ അവന്ന് ഉറപ്പായി - ത്വബ്റാനി തൻെറ الكبير ൽ - സ്വലാത്തിൻെറ പൂർണ്ണരൂപം ഇബ്റാഹീമിയ്യ സ്വലാത്താണ്. (നാം അത്തഹിയ്യാത്തിൽ ചൊല്ലുന്നത്). സ്വലാത്തിൻെറ ഏറ്റവും ചെറിയ രൂപം اللهم صل وسلم على نبينا محمد (അല്ലാഹുമ്മ സ്വല്ലി വ സല്ലിം അലാ നബിയ്യിനാ മുഹമ്മദ്) എന്നാകുന്നു.

# 14- സംഘടിത ഫജ്റ് നമസ്കാരം

## ഫലപ്രദമായ പരീക്ഷണം

ജിന്നു - മനുഷ്യവർഗ്ഗങ്ങളിലെ പിശാചുക്കളിൽ നിന്നു മുള്ള സംരക്ഷണ നമസ്കാരം.

(a) **ജുൻദുബ്‌ ബിൻ അബ്ദില്ലാഹ് (റ) യിൽ നിന്ന് ഇമാം മുസ്‌ലിം (റ)** നിവേദനം: അദ്ദേഹം പറയുന്നു: നബി (സ) പറഞ്ഞു: വല്ലവനും സുബ്ഹി നമസ്കരിച്ചാൽ അവൻ അല്ലാഹുവിൻെറ ഉത്തരവാദിത്വത്തിലായി. അല്ലാഹുവിൻെറ ഉത്തരവാദിത്വത്തിലുള്ള ഒരു കാര്യ വും തിൻമ കൊണ്ട് നിങ്ങളാവശ്യപ്പെടരുത്. അവ ൻെറ ഉത്തരവാദിത്വത്തിലുള്ള വല്ലതും (തിൻമ കൊ ണ്ട്) അവനോട് ചോദിച്ചവനാരോ അവന്നത് ലഭിക്കു ന്നതാണ്. പിന്നെ അവനെ നരകത്തിലേക്ക് മുഖം കുത്തി എറിയുന്നതുമാണ്. (മുസ്‌ലിം)

സുബ്ഹി നമസ്കരിച്ചവൻെറ അവസ്ഥയൊന്ന് നോ ക്കൂ... അപ്പോൾ നമസ്കരിക്കാത്തവൻെറ സ്ഥിതിയോ!

# 15 - استودعكم الله الذي لا تضيع ودائعه എന്ന് ചൊല്ലൽ

അസ്തൗദിഅ്കുമുല്ലാഹുല്ലദീ ലാ തളീഉ വദാഇഉഹൂ.

[വിശ്വസിച്ചേൽപ്പിച്ചത് പാഴാക്കിക്കളയാത്ത അല്ലാഹുവിൽ താങ്കളെ ഞാൻ വിശ്വസിച്ചേൽപ്പിക്കുന്നു].

ഒരു തവണ.

### ഫലപ്രദമായ പരീക്ഷണം:

സമ്പത്തിനും സന്താനങ്ങൾക്കും മറ്റും മോഷണത്തിൽ നിന്നും വിപത്തിൽ നിന്നും സുരക്ഷ.

(a) **ഇബ്നു ഉമർ** (റ) നിവേദനം: റസൂൽ(സ) പറഞ്ഞു: അല്ലാഹുവിൽ വല്ലതും വിശ്വസിച്ചേൽപ്പിച്ചാൽ അതവൻ സംരക്ഷിക്കുന്നതാണ് - അഹ്മദ്).

(b) **അബീ ഹുറൈറ(റ)** യിൽ നിന്ന് നിവേദനം: നബി (സ) പറഞ്ഞു: യാത്ര പുറപ്പെടാനുദ്ദേശിച്ചവനാരോ അവൻ യാത്രയയക്കുന്നവരോട് ഇങ്ങനെ പറഞ്ഞു കൊള്ളട്ടെ: استودعكم الله الذي لا تضيع ودائعه (വിശ്വസിച്ചേൽപ്പിച്ചത് പാഴാക്കിക്കളയാത്ത

അല്ലാഹുവിൽ താങ്കളെ ഞാൻ വിശ്വസിച്ചേൽപ്പിക്കുന്നു) (അഹ്മദ്)

ഇത് യാത്രയിൽ മാത്രമല്ല, മറ്റു സമയങ്ങളിലും പൊതുവായിട്ടുള്ളതാണ്. മോഷണം, ആക്രമണം എന്നിവയിൽനിന്നൊക്കെ സുരക്ഷിതവുമാണിത്. (ഏൽപ്പിക്കുന്നത്) വളരെ നിസ്സാരമായതാണെങ്കിൽ പോലും. ഒരടിമ തൻെറ ചെറുതും വലുതുമായ എല്ലാ കാര്യങ്ങളും അവൻെറ റബ്ബിൽ പ്രകടിപ്പിക്കലും കൂടിയാണിത്.

ഉദാഹരണമായി, ഒരാൾ ഇങ്ങനെ പറഞ്ഞെന്നിരിക്കട്ടെ- استودع الله الذي لا تضيع ودائعه ديني ونفسي وأمانتي وخواتيم عملي وبيتي وأهلي ومالي وجميع ما انعم الله به علي (അസ്തൗദിഉല്ലാഹുല്ലദീ ലാ തളീഉ വ ദാഇഉഹു ദീനീ വ നഫ്സീ വ അമാനതീ വ ഖവാതീമ അമലീ വ ബയ്തീ വ അഹ്ലീ വ മാലീ വ ജമീഅ മാ അൻഅമല്ലാഹു ബിഹി അലയ്യ).

[വിശ്വസിച്ചേൽപ്പിച്ചത് പാഴായിപ്പോവാത്ത അല്ലാഹുവിൽ ഞാനെൻെറ മതത്തെയും ശരീരത്തെയും അനാമത്തിനെയും എൻെറ കർമ്മങ്ങളുടെ പരിസമാപ്തിയേയും എൻെറ ഭവനത്തെയും കുടുംബത്തെയും സമ്പത്തിനെയും അല്ലാഹു എനിക്കനുഗ്രഹിച്ചരുളിയ എല്ലാ അനുഗ്രഹങ്ങളെയും ഞാൻ വിശ്വസിച്ചേൽപ്പിച്ചിരിക്കുന്നു] എന്ന്

ഒരാൾ പറഞ്ഞാൽ അല്ലാഹു അതെല്ലാം കാത്തു സൂക്ഷിക്കുന്നതാണ്. ഇവയിലൊക്കെ അവനെ ദു:ഖിപ്പിക്കുന്നതൊന്നും അവൻ കാണുകയില്ല. ജിന്നുകളുടെയും മനുഷ്യരുടെയും തിൻമകളിൽ നിന്ന് അവന്ന് സംരക്ഷണം ലഭിക്കുന്നതുമാണ്. ഇഹത്തിലും പരത്തിലും അല്ലാഹു അവൻെറ പ്രത്യേക കാവൽകൊണ്ട് നമ്മെ അവൻ സംരക്ഷിക്കുമാറാകട്ടെ-.

വിദൂരത്തുള്ള ഒരാൾക്കുവേണ്ടി വിദൂരത്തുള്ള ഒരാളുടെ പ്രാർഥനയേക്കാൾ ഫലപ്രദമായ പ്രാർഥന മറ്റെന്താണെൻെറ ചങ്ങാതീ....... വായനക്കാരാ....... (ഈ) ലേഖകന്ന് പൊറുത്തുതരാൻ കാരുണ്യവാനോടാവശ്യപ്പെടണമെന്ന് താങ്കളോട് ഞാനഭ്യർത്ഥിക്കുന്നു.

## സംക്ഷിപ്തം

| ക്രമം | ദിക്റുകൾ | ചൊല്ലേണ്ട സന്ദർഭം |
|---|---|---|
| 1 | آية الكرسي - الله لا اله إلا هو الحي القيوم .... (البقرة : ٢٥٥) | ഉറങ്ങാൻ പോകുമ്പോഴും എല്ലാ നമസ്കാര ശേഷവും ഒരു തവണ. |
| 2 | ءامن الرسول.... (البقرة: ٢٨٥, ٢٨٦) | ഉറങ്ങുന്നതിനു മുമ്പ്, അല്ലെങ്കിൽ വീട്ടിൽ, അല്ലെങ്കിൽ മഗ്‌രിബി നു ശേഷം ഒരുതവണ. |
| 3 | قل هو الله أحد..... قل أعوذ برب الفلق.. قل أعوذ برب الناس.. | 3 തവണ രാവിലെ, 3 തവണ വൈകുന്നേരം, ഉറങ്ങുന്നതിനു മുമ്പും എല്ലാ നമസ്കാര ശേഷവും അപ്രകാരം. |
| 4 | لا حول ولا قوة إلا بالله | കഴിയുന്നത്ര |
| 5 | بسم الله الذي لا يضر مع اسمه شيء في الأرض ولا في السماء وهو السميع العليم | 3 തവണ രാവിലെ, 3 തവണ വൈകുന്നേരം |

| | | |
|---|---|---|
| 6 | أعوذ بكلمات الله التامات من شر ما خلق | 3 തവണ വൈകുന്നേരം മാത്രം, വല്ല സ്ഥലത്തും തങ്ങേണ്ടി വന്നാലും അപ്രകാരം. |
| 7 | حسبي الله لا اله إلا هو عليه توكلت وهو رب العرش العظيم | 7 തവണ രാവിലെ,<br>7 തവണ വൈകുന്നേരം. |
| 8 | بسم الله توكلت على الله ولا حول ولا قوة إلا بالله | വീട്ടിൽ നിന്നു പുറത്തു പോവുമ്പോൾ ഒരു തവണ. |
| 9 | لا اله إلا الله وحده لا شريك له له الملك وله الحمد وهو علي كل شيء قدير. അങ്ങാടിയിൽ പ്രവേശിക്കുമ്പോൾ له الحمد എന്നതിനു ശേഷം يحيي ويميت وهو حي لا يموت بيده الخير وهو على كل شيء قدير എന്ന് കൂടി ചൊല്ലുക | 10 തവണ രാവിലെ, 10 തവണ വൈകുന്നേരം. അല്ലെങ്കിൽ ദിവസവും 100 തവണയോ അതിൽ കൂടുതലോ. അങ്ങാടിയിൽ പ്രവേശിക്കുമ്പോൾ ഒരു തവണ. |

| | | |
|---|---|---|
| 10 | أعـــوذ بـــالله العظيـــم وبوجهه الكريم وبسلطانه القديـــم مـــن الشـــيطان الرجيم | പള്ളിയിൽ പ്രവേശിക്കു മ്പോൾ ഒരു തവണ. |
| 11 | استغفر الله الذي لا الـــه إلا هـــو الحـــي القيـــوم وأتوب إليه | കഴിയുന്നത്ര |
| 12 | اللهم صلى وسلم علـــى محمـــد അധികരിച്ചു ചൊല്ലുക. അല്ലെങ്കിൽ ഇബ്റാഹിമി പ്രാർഥന ചൊല്ലുക | 10 തവണ രാവിലെയും 10 തവണ വൈ കുന്നേരവും. അല്ലെ ങ്കിൽ കഴിയുന്നത്ര. |
| 13 | استودعكم الله الـــذي لا تضيع ودائعه | സുരക്ഷ ആവശ്യമാ ണെന്ന് തോന്നുമ്പോ ഴൊക്കെ ഒരു തവണ. |

مطابع أضواء المنتدى ت : ٢٤٣٤٩٢٥
مطابع أضواء البيان سابقا

عبد الله بن محمد بن عبد الرحمن السدحان

# الحصن الواقي

ترجمة

محمد حنيف عبد الرحمن

# الحصن الوافي

الشيخ عبد الله بن محمد السدحان

ترجمة

محمد حنيف عبد الرحمن